മി. സ്പീക്കർ: എല്ലാ ദിവസവും ചോദ്യോത്തരവേളയിൽ അംഗങ്ങൾ എഴുന്നേറ്റുനിന്ന് ഇടപെടുന്നത് ദയവായി ഒഴിവാക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, രണ്ട് സൈനികരെ തലയറുത്ത് കൊന്ന നിഷ്ഠൂരമായ സംഭവമാണ് ഇന്നലെ ഇന്ത്യ പാക് അതിർത്തിയിൽ ഉണ്ടായത്. വളരെ ഗൗരവമായൊരു കാര്യവും ഇന്ത്യയുടെ ആത്മാഭിമാനത്തിനേറ്റ മുറിവുമാണത്. അങ്ങ് മുൻകൈയെടുത്ത് സഭയുടെ പ്രതിഷേധം ഇക്കാര്യത്തിൽ രേഖപ്പെടുത്തണമെന്നാണ് എന്റെ അഭ്യർത്ഥന.

മി. സ്പീക്കർ: അങ്ങ് പറയുന്നത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. പക്ഷെ ഇത്തരം കാര്യങ്ങൾ ഉന്നയിക്കാനുള്ള സമയം ശൂന്യവേളയാണ്. ദയവായി ശൂന്യവേളയിൽ ഉന്നയിക്കാൻ അങ്ങ് ശ്രമിക്കണം. .... (ബഹളം).... പ്ലീസ്, പ്ലീസ്, എന്താണ് ഇതിന്റെ അർത്ഥം. നിങ്ങൾ എന്താണ് ഉദ്ദേശിക്കുന്നത്. സഭയുമായി സഹകരിക്കുമെന്ന് ഇന്നലെ പ്രതിപക്ഷനേതാവ് സഭയിൽ പറഞ്ഞില്ലേ. പ്ലീസ്... പ്ലീസ്. ഇരിക്കൂ., ഇരിക്കൂ... പ്ലീസ് , പ്ലീസ്

മി. സ്പീക്കർ: ഓർഡർ...... ഓർഡർ....... ചോദ്യം നം. (* 151)

നവകേരള മിഷൻ പദ്ധതിയിലൂടെ ജലാശയ ശുചീകരണം

* (151) ശ്രീ. റോഷി അഗസ്റ്റിൻ:

ശ്രീ. മോൻസ് ജോസഫ്

ശ്രീ. സി. എഫ്. തോമസ്

ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് മലിനീകരണ പ്രശ്നം ഉളവാക്കുന്ന ജലാശയങ്ങളിലെ പോള നീക്കം ചെയ്ത് ജലാശയം ശുചീകരിക്കുന്ന പ്രൊപ്പോസലിന് നവകേരള മിഷൻ പദ്ധതിയിൽപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ജലാശയങ്ങളിലെ പോള നീക്കം ചെയ്യുന്നതിന് യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനും കുടുംബശ്രീയുടെ സേവനം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ജല ദൗർലഭ്യം രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഈ കാലയളവിൽ ഇപ്രകാരം ജലാശയം ശുചീകരിക്കുന്നതുമൂലം കുടിവെള്ളം ഒഴിച്ചുള്ള മറ്റു ദൈനംദിന ആവശ്യങ്ങൾക്ക് പ്രസ്തുത ജലാശയങ്ങളെ ഉപയോഗപ്പെടുത്താമെന്നുള്ളതുകൊണ്ട് ഈ പദ്ധതി അടിയന്തരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ-സി) ഉണ്ട്. പോള നിർമ്മാർജ്ജനത്തിന് കാലാകാലങ്ങളിൽ പല ഇടപെടലുകളും നടന്നിട്ടുണ്ടെങ്കിലും ശാസ്ത്രീയവും സമഗ്രവുമായി ഇക്കാര്യത്തിൽ വിജയകരമായി ഇടപെടാൻ കഴിഞ്ഞിട്ടില്ല എന്നത് വസ്തുതയാണ്. Water Hyacinth

Harvester എന്ന ജലസേചന വകുപ്പിന്റെ കൈവശമുള്ള യന്ത്രം കൊണ്ട് ഒഴുകുന്ന പോളകൾ ശേഖരിക്കാമെങ്കിലും വേരുള്ള, അടിത്തട്ടിൽ നിന്ന് വളരുന്ന പോളകൾ നീക്കം ചെയ്യാൻ ഇത് പര്യാപ്തമല്ല. പോള മുറിച്ചുമാറ്റി അതുപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ഒരു പദ്ധതി നിർദ്ദേശം കെ.എസ്.ഇ.ബി. യ്ക്ക് ലഭിച്ചിരുന്നെങ്കിലും പോള ശേഖരിച്ച് ഒരു നിശ്ചിത സ്ഥലത്ത് ഒരു വലിയ അളവിൽ എത്തിക്കുന്നതിന്റെയും അത് സംഭരിച്ച് സൂക്ഷിക്കാനുള്ള സ്ഥല ലഭ്യതയുടെ പരിമിതി കാരണം ഈ നിർദ്ദേശം പ്രായോഗികമല്ല എന്നാണ് വിലയിരുത്തിയിട്ടുള്ളത്. പോള കംപോസ്റ്റ് ചെയ്ത് വളമാക്കി മാറ്റുന്നതിന് ഇതേ പരിമിതിയാണുള്ളത്.

ജൈവീകമായി പോള നിയന്ത്രണം സാധ്യമാണെന്ന് കാർഷിക ശാസ്ത്രജ്ഞർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ജലസേചന വകുപ്പ്, കൃഷി വകുപ്പ്, കൃഷി ശാസ്ത്രജ്ഞർ എന്നിവരെയെല്ലാം ഏകോപിപ്പിച്ച് ഒരു സമഗ്ര സമീപനത്തിന് രൂപം കൊടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ നേതൃത്വപരമായ ചുമതല ഹരിത കേരള മിഷൻ ഏകോപിപ്പിക്കുന്നതാണ്. ഈ വർഷം ഒരു പൈലറ്റ് പദ്ധതി ഇക്കാര്യത്തിൽ നടപ്പാക്കണമെന്ന് ഹരിത മിഷന് നിർദ്ദേശം നൽകുന്നതാണ്.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ജലാശയങ്ങൾ ശുദ്ധീകരിക്കാൻ ഗവൺമെന്റ് പല നടപടികളും സ്വീകരിക്കുന്നുണ്ട്. അതോടൊപ്പം നാം വളരെ ഗൗരവമായി

എടുക്കേണ്ടൊരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേന്ദ്ര ഭൂജല വകുപ്പ് കേരളത്തിലെ 14 ജില്ലകളിലെ 1334 കിണറുകളിൽ നടത്തിയ പഠനത്തിൽ 1107 കിണറുകളിലും ജലനിരപ്പ് താഴ്ന്നിട്ടുള്ളതായാണ് കണ്ടെത്തിയിട്ടുള്ളത്. അതിനെ ശരിവയ്ക്കുന്നതാണ് ഇപ്പോൾ അനുഭവപ്പെടുന്ന കുടിവെള്ള ദൗർലഭ്യം. ഈ സാഹചര്യത്തിൽ ബദൽ മാർഗ്ഗങ്ങളെക്കുറിച്ച് നാം ചിന്തിക്കണം. ഇസ്രേയിലും ഗർഫ് രാജ്യങ്ങളിലും കടൽ ജലം ശുദ്ധീകരിച്ച് കുടിവെള്ളത്തിനായി ഉപയോഗിക്കുന്നുണ്ട്. അതുകൊണ്ട് കടൽ ജലം ശുദ്ധീകരിച്ച് കുടിവെള്ളമായി ഉപയോഗിക്കാൻ കഴിയുന്ന പദ്ധതി നവകേള മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: നവ കേരള ആക്ഷൻ പ്ലാനിന്റെ ഭാഗമായുള്ള ഒരു മിഷനാണ് ഹരിത കേരള മിഷൻ. അതിൽ നിലവിലുള്ള ജലസ്രോതസുകൾ ശുദ്ധീകരിക്കുന്നൊരു ഭാഗമുണ്ട്. എന്നാൽ കടൽവെള്ളം ഉപയോഗപ്രദമായ വെള്ളമാക്കി മാറ്റുന്നത് വേറൊരു പദ്ധതിയാണ്. ഇത്തരമൊരു സാഹചര്യം നിലനിൽക്കുമ്പോൾ അത്തരം ഒരു പദ്ധതിയെക്കുറിച്ച് ആലോചിക്കേണ്ടി വരും. ആ നടപടി ഗൗരവമായി സർക്കാർ പരിഗണിക്കുന്നതാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വരൾച്ച രൂക്ഷമാകുന്ന ഈ സാഹചര്യത്തിൽ മഴ

വെള്ളത്തിന്റെ ഫലപ്രദമായ വിനിയോഗം കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. മേൽക്കൂരകളിൽ വീഴുന്ന മഴവെള്ളം നൂതനമായ മാർഗ്ഗത്തിലൂടെ (rainy filter ഉപയോഗിച്ച്) അരിച്ചെടുത്ത് കിണറുകളിലേയ്ക്കും കുഴൽകിണറുകളിലേയ്ക്കും കടത്തിവിട്ട് ഭൂജല സമ്പത്ത് വർദ്ധിപ്പിക്കുന്നൊരു പദ്ധതി ഇന്ന് സംസ്ഥാനത്ത് ചർച്ച ചെയ്യപ്പെടുന്നുണ്ട്. അത് കൂടുതൽ പ്രായോഗികമാണോ; അത് നടപ്പിലാക്കാൻ സാധിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ:</u> നമുക്ക് മഴ ലഭിക്കുന്നുണ്ട്. മഴവെള്ളത്തിന്റെ ഏറിയ ഭാഗവും അപ്പോൾ തന്നെ ഒലിച്ചുപോകുന്ന തരത്തിലാണ് ഇപ്പോഴത്തെ നമ്മുടെ നാടിന്റെ അവസ്ഥ. അതിനാണ് ഹരിത കേരള മിഷന്റെ ഭാഗമായി എല്ലാ വീടുകളിലും മഴവെള്ളം ശേഖരിക്കുന്നതിനുള്ള മഴക്കുഴികൾ ഉണ്ടാകണമെന്ന് നിർദ്ദേശിച്ചത്. ചില പഞ്ചായത്തുകൾ ഇപ്പോൾതന്നെ എല്ലാ വീട്ടു പറമ്പുകളിലും മഴക്കുഴികൾ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. ബഹുമാന്യനായ അംഗം ചൂണ്ടികാണിച്ചതുപോലെ മേൽക്കൂരകളിൽ വീഴുന്ന മഴവെള്ളം ഒഴുകി താഴേയ്ക്ക് പോകുന്നുണ്ട്. അത് ശേഖരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. മഴവെള്ളം മഴക്കുഴികളിലേയ്ക്ക് തിരിച്ചുവിടാനും കഴിയും. അങ്ങനെ മഴവെള്ളം നല്ല നിലയ്ക്കുതന്നെ ഉപയോഗിക്കാനുള്ള പദ്ധതികളാണ് ഹരിത കേരള മിഷന്റെ

ഭാഗമായിട്ടുള്ളത്. ഭൂമിയിൽ മണ്ണിനുള്ളിലേയ്ക്ക് വെള്ളം ഇറങ്ങിപോകുന്ന തരത്തിലുള്ള ഒരുക്കങ്ങളും ഈ മിഷന്റെ ഭാഗമായി നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നുണ്ട്. അങ്ങനെ മഴവെള്ളം ഫലപ്രദമായി ഉപയോഗിക്കുകയെന്നുള്ളതുതന്നെയാണ് ഇതിന്റെ ഭാഗമായി ഉദ്ദേശിക്കുന്നത്.

ശ്രീ. മോൻസ് ജോസഫ്: സർ, നവ കേരള മിഷൻ പദ്ധതിയിലൂടെ ജലാശയങ്ങൾ ശുചീകരിക്കുകയെന്ന വളരെ പ്രധാനപ്പെട്ടൊരു കർമ്മ പരിപാടിയെക്കുറിച്ച് അങ്ങ് മറുപടിയിൽ പറയുകയുണ്ടായി. അതിന് പ്രത്യേകമായ പാക്കേജ് ഗവൺമെന്റ് ഉണ്ടാക്കുമെന്ന് പറഞ്ഞത് വളരെ സ്വാഗതാർഹമായ കാര്യമാണ്. ഈയൊരു പദ്ധതി പ്രഖ്യാപിച്ച ശേഷം ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ, ഇപ്പോൾ കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിൽ പോള നിറഞ്ഞിരിക്കുന്നതുകൊണ്ട് കൃഷിയെ തടസമായി ബാധിക്കുകയും ടൂറിസ്റ്റ് ബോട്ടുകൾക്ക് പോകാൻ കഴിയാത്ത സാഹചര്യം തുടങ്ങിയ നിരവധി പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. ഫണ്ടിന്റെ അപര്യാപ്തത മൂലം ഇവിടെ കാര്യമായി വർക്ക് ചെയ്യാൻ സാധിക്കുന്നില്ല. ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ആവശ്യമായ പ്രൊവിഷൻ ബഡ്ജറ്റിൽ കൊടുത്തിട്ടുണ്ടെങ്കിലും പ്രവൃത്തി നടപ്പിലാക്കാൻ കഴിയുന്ന വിധത്തിലുള്ള ഭരണാനുമതിയോ തുടർനപടിയോ മറ്റുകാര്യങ്ങളോ ഉണ്ടായിട്ടില്ല.

ഇക്കാര്യം ഗവൺമെന്റ് പരിശോധിക്കുമോ; ആവശ്യമായ ഫണ്ട് ലഭ്യമാക്കാനുള്ള സാഹചര്യം ഉണ്ടാകുമോ? ജലാശയങ്ങളിലെ ശുചീകരണത്തിൽ നമുക്കുള്ള ജലസ്രോതസുകൾ സംരക്ഷിക്കുകയെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ക്ഷേത്രകുളങ്ങളും പൊതു കുളങ്ങളും കേരളത്തിലെ ഏറ്റവും വലിയ ജല സമ്പത്തിന്റെ സ്രോതസ് തന്നെയാണ്. അതെല്ലാം മണ്ണും ചെളിയും നിറഞ്ഞ് ഉപയോഗിക്കാൻ കഴിയാതെ കിടക്കുകയാണ്. അതൊക്കെ മുഴുവൻ ജനങ്ങൾക്കും ഉപയോഗിക്കാൻ സാധിക്കുന്നതുമാണ്. ജലാശയ ശുചീകരണത്തിന്റെ ഭാഗമായി ക്ഷേത്രക്കുളങ്ങളുടെയും പൊതു കുളങ്ങളുടെയും ശുചീകരണം ഏറ്റെടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: പോള നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ശാസ്ത്രീയമായി സ്വീകരിക്കാൻ കഴിയുന്ന എല്ലാ നടപടികളും സ്വീകരിക്കുകയെന്നുള്ളതുതന്നെയാണ് സർക്കാർ കാണുന്നത്. അതിന് ഫണ്ടിന്റെ ലഭ്യതക്കുറവല്ല, അതുമായി ബന്ധപ്പെട്ടുള്ള ശാസ്ത്രീയമാർഗ്ഗങ്ങൾ കണ്ടെത്തി ഫലപ്രദമായ നടപടികളിലേയ്ക്ക്, നിർമ്മാർജ്ജനത്തിനായി നീങ്ങുകയും ചെയ്യാം. കുളങ്ങളുടെ കാര്യത്തിൽ വലിയ തോതിലുള്ള മൂവ്മെന്റ് വന്നുകഴിഞ്ഞിട്ടുണ്ട്. ചില ജില്ലകളിൽ വളരെക്കൂടുതൽ കുളങ്ങൾ ഇപ്പോൾ വൃത്തിയാക്കി കഴിഞ്ഞിട്ടുണ്ട്.

ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലുള്ള ആരാധനാലയങ്ങളുടെ കുളങ്ങൾ ഈ പദ്ധതിയിൽപ്പെടുത്തിക്കൊണ്ടുതന്നെ നാട്ടുകാരും ഗവൺമെന്റും എല്ലാം ചേർന്നുകൊണ്ട് ശുദ്ധീകരിക്കുന്നുണ്ട്. നല്ല രീതിയിൽ തന്നെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്നൊരു പദ്ധതിയാണത്.

ശ്രീ. സി. എഫ്. തോമസ്: സർ, ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. ഇതുസംബന്ധിച്ച് പത്രങ്ങളിൽ നിരവധി പ്രാവശ്യം മുഖപ്രസംഗം വന്നിട്ടുണ്ട്. കുടിവെള്ളക്ഷാമം രൂക്ഷമായ ഈ സമയത്ത് മറ്റാവശ്യങ്ങൾക്കായി ജലാശയങ്ങളിൽ നിന്നുള്ള വെള്ളം ഉപയോഗിക്കാവുന്നതാണ്. എന്നാൽ ഇപ്പോൾ അത് സാധിക്കുന്നില്ല. ആയതിനാൽ കൃഷിക്കാർ വളരെ വിഷമിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഗവൺമെന്റ് അനുവദിച്ച ഫണ്ട് ഉപയോഗിച്ച് പോള മാറ്റിക്കൊണ്ടിരിക്കുകയാണ്. കോൺട്രാക്ടർമാരെക്കൊണ്ടാണ് പൊതുമരാമത്തിന്റെ പണികൾ ചെയ്യിക്കുന്നത്. ഒഴുകി നടക്കുന്ന പോളമാത്രമല്ല, താഴോട്ടുപോകുന്ന വേരുകൾ ഉൾപ്പെടെയുള്ള പോളകൾ മാറ്റാനുള്ള യന്ത്രം ഇപ്പോൾ ഇറങ്ങുന്നുണ്ട്. പ്രസ്തുത ജോലിക്ക് ടെണ്ടർ ക്ഷണിച്ചാൽ എടുക്കാൻ ആളുകളുമുണ്ട്. ഇതുസംബന്ധിച്ച് ചില നിർദ്ദേശം എനിക്ക് പറയാനുള്ളത്, ഒന്ന്, അങ്ങ് പറഞ്ഞതുപോലെ, ഇതിനായി ഗവൺമെന്റ് ഫണ്ട് ലഭ്യമാക്കണം. ജലസേചനവകുപ്പ് ഉൾപ്പെടെ

എവിടെ ചെന്നാലും ഫണ്ടില്ലെന്നാണ് പറയുന്നത്. രണ്ട്, ലോക്കൽ ബോഡീസ് തയ്യാറാണ്. അവർക്ക് ഫണ്ട് ചെലവഴിക്കുന്നതിന് അനുവാദം കൊടുക്കണം. മൂന്ന്, .....

മി. സ്പീക്കർ: അങ്ങേയ്ക്ക് ഒരു ഉപചോദ്യം ചോദിക്കാൻ.

ശ്രീ. സി. എഫ്. തോമസ്: ഞാൻ അവസാനിപ്പിക്കുകയാണ്. മൂന്ന് തൊഴിലുറപ്പുപദ്ധതിയിൽ സ്ത്രീകൾ ഉൾപ്പെടെയുള്ളവർ ഈ ജോലി ചെയ്യുന്നുണ്ട്. വേരുള്ള പോളകൾ മാറ്റാൻ യന്ത്രം ഉപയോഗിക്കണം. അത് ടെണ്ടർ ക്ഷണിച്ചാൽ സ്വീകരിക്കാൻ ആളുകൾ തയ്യാറാണ്. അങ്ങ് പറഞ്ഞതുപോലെ പൈലറ്റ് പദ്ധതി നടപ്പിലാക്കുമ്പോൾ ഈ നിർദ്ദേശങ്ങൾ കൂടി പരിശോധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, പോള നിർമ്മാർജ്ജനത്തിന് സാധ്യമായ എല്ലാകാര്യങ്ങളും ചെയ്യും. അക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അടക്കം ഇതിൽ ഭാഗമാക്കാവുന്നതാണ്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച മറ്റെല്ലാകാര്യങ്ങളും നമുക്ക് ചെയ്യാവുന്നതാണ്.

ഡോ. എൻ. ജയരാജ്: സർ, അറുതിയില്ലാത്തൊരു വറുതിയിലേയ്ക്ക് കൂപ്പുകുത്തുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. ഇതാണ് പുതിയ ജല ഉപയോഗ സംസ്കാരത്തിന്റെയും ഇടപെടലിന്റെയും ഒരു കാലഘട്ടം.

അതിന്റെ ഭാഗമെന്ന നിലയിലാണ് നവകേരള മിഷൻ പോലുള്ള പദ്ധതികൾ നടപ്പാക്കാൻ സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുവന്നിട്ടുള്ളത്. നമ്മുടെ നാൽപ്പത്തിനാല് നദികളിൽ ഏതാണ്ട് പതിനാല് നദികളും വലിയൊരു പ്രതിസന്ധിയിലേയ്ക്ക് നീങ്ങുന്നുവെന്നാണ് അനൗദ്യോഗികമായ റിപ്പോർട്ടുകൾ പോലും സൂചിപ്പിക്കുന്നത്. എന്റെ ചോദ്യം, നവകേരള മിഷന്റെ  ഭാഗമായി നടപ്പാക്കുന്ന ജലസംരക്ഷണ പ്രവർത്തനങ്ങളിൽ ജല ഓഡിറ്റിംഗ് എന്ന സംവിധാനം വളരെ പ്രാധാന്യമുള്ളതാണ്. മാത്രമല്ല സാക്ഷരത പ്രവർത്തനം പോലുള്ള ജനകീയ ഇടപെടലിലൂടെ മാത്രമേ ഈ പ്രവർത്തനങ്ങളെ കാര്യക്ഷമമാക്കാൻ കഴിയൂ. ഗവൺമെന്റ് വിഭാവനം ചെയ്യുന്ന ഈ പദ്ധതിയിൽ എങ്ങനെയാണ് അത്തരം ഇടപെടലുണ്ടാക്കാൻ ശ്രമിക്കുന്നത്;  ജല ഓഡിറ്റിംഗ് സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; നമ്മുടെ നദികൾ സംരക്ഷിക്കണമെന്ന് പറയുമ്പോഴും ചെറിയ കൈത്തോടുകൾ ഉൾപ്പെടെ ആളുകൾ കയ്യേറി വച്ചിരിക്കുന്ന ഒരു അവസ്ഥയുണ്ട്. കൂടാതെ അവയ്ക്ക് മുമ്പുള്ള അത്രയും വലിപ്പവുമില്ല. ഇത്തരം കയ്യേറ്റ ഭൂമി തിരിച്ചുപിടിച്ച് കൈത്തോടുകൾ സംരക്ഷിച്ചെങ്കിൽ മാത്രമേ  അടിസ്ഥാനപരമായി നമ്മുടെ നദികളെ സംരക്ഷിക്കാൻ കഴിയുകയുള്ളൂ. അക്കാര്യത്തിൽ പ്രാദേശികമായ ഇടപെടലുണ്ടാകണം. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാടെന്താണെന്ന്

അറിയാൻ ആഗ്രഹിക്കുന്നു.

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ നദികൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഫലപ്രദമായ നീക്കം നാം നടത്തേണ്ടതായിട്ടുണ്ട്. ഇപ്പോൾ ഹരിത കേരള മിഷന്റെ ഭാഗമായി തോടുകളും കുളങ്ങളും മറ്റെല്ലാ ജലസ്രോതസ്സുകളും വീണ്ടെടുക്കാനുള്ള പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ തോടുകൾ കയ്യേറിയിട്ടുണ്ടെങ്കിൽ അത് വീണ്ടെടുക്കാനുള്ള പ്രവർത്തനത്തിന് മുൻതൂക്കം കൊടുത്തിട്ടുണ്ട്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചത് ജനപങ്കാളിത്തത്തിന്റെ കാര്യമാണ്, ഈ പദ്ധതി ജനപങ്കാളിത്തത്തോടെയാണ് നടപ്പാക്കുന്നത്. ഇത് കേവലം ഒരു സർക്കാർ പദ്ധതിയല്ല, സർക്കാർ ലെവലിൽ തീരുമാനിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന ഒരു ഔദ്യോഗിക പരിപാടി മാത്രമല്ല, നാട്ടുകാരുടെ ആകെ പങ്കാളിത്തത്തോടുകൂടി നടത്തുന്ന ഒരു പദ്ധതിയാണിത്. ഇപ്പോൾ തന്നെ നല്ല ബഹുജന പങ്കാളിത്തമുണ്ടായിട്ടുണ്ട്. അത് കൂടുതൽ വളർത്തിക്കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. ജല ഓഡിറ്റിംഗിനെ സംബന്ധിച്ച് ഇതുവരെ ആലോചിട്ടില്ല. പക്ഷേ ഈ പദ്ധതിയുടെ ഭാഗമായി ജല ഓഡിറ്റിംഗിലേയ്ക്ക് നമ്മൾ പോകേണ്ടിവരികയാണ്. ജല ഓഡിറ്റിംഗിന്റെ കാര്യവും

ഫലപ്രദമായി നടപ്പാക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എം. സ്വരാജ്: സർ, പോള പോലെ ഗൗരവകരമായ ഒരു പ്രശ്നമാണ് കായലിന്റെ തീരത്ത് എക്കൽ അടിഞ്ഞുകൂടുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ ഇടക്കൊച്ചി-കുമ്പളം ഭാഗങ്ങളിലെല്ലാം കായലിന്റെ തീരത്ത് ഗുരുതരമായ ഈ പാരിസ്ഥിതിക പ്രശ്നമുണ്ട്. വർഷങ്ങളായി എക്കൽ അടിഞ്ഞുകൂടി, കായലിന്റെ ഘടനതന്നെ മാറുന്നു, കായൽ ചുരുങ്ങിവരുന്നു. മത്സ്യത്തൊഴിലാളികൾക്ക് വഞ്ചി ഇറക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുന്നു. എക്കലിൽ പുതഞ്ഞ് ചില ആളുകൾ മരണപ്പെട്ട അനുഭവമുണ്ട്. മുൻപ് ഇടക്കൊച്ചിയിൽ ഒരു ആന ഈ എക്കലിൽ പുതഞ്ഞ് ചരിഞ്ഞ ഒരു സംഭവമുണ്ടായിട്ടുണ്ട്. ഗൗരവകരമായ ഈ പ്രശ്നം പരിഹരിക്കാൻ ശാസ്ത്രീയമായ പഠനങ്ങൾ നടത്താൻ സാധിക്കുമോ; ഇതിനായി എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ച് കായലിനെ സംരക്ഷിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, എക്കലും പോളപ്പോലെ തന്നെ നമ്മെ ബാധിക്കുന്ന ഒരു പ്രശ്നമാണ്. അക്കാര്യത്തിലും ഫലപ്രദമായ നടപടി സ്വീകരിക്കാൻ തയ്യാറാകും.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, തിരുവനന്തപുരം ജില്ലയുടെ കുടിവെള്ള സ്രോതസ്സാണ് അരുവിക്കര ഡാം. ഇന്ന് ഡാമിന്റെ മുപ്പത് ശതമാനം ക്യാച്ച്മെന്റ്

ഏരിയും പോള ഉൾപ്പെടെയുള്ള ജൈവ-അജൈവ മാലിന്യങ്ങളും മണ്ണും ചെളിയുമൊക്കെയാണ്. 2016 ജനുവരി 1-ാം തീയതി, അങ്ങ് മുഖ്യമന്ത്രിയാകുന്നതിനുമുമ്പ് കഴിഞ്ഞ വർഷത്തെ അങ്ങയുടെ ആദ്യത്തെ പൊതുപരിപാടി അരുവിക്കര ഡാം സന്ദർശനമായിരുന്നു. അതിനുശേഷവും അതിനുമുമ്പും വീഡ് കട്ടർ ഉപയോഗിച്ച് അവിടെ നിന്ന് മാറ്റുവാൻ നോക്കി, പക്ഷേ പൂർവ്വാധികം ശക്തിയോടെ ഇപ്പോഴും അവിടെ പോള വളർന്നുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം ജില്ലയിൽ കുടിവെള്ളമില്ലത്തതുകൊണ്ട് മന്ത്രി ഉൾപ്പെടെയുള്ള ആളുകൾ നെയ്യാർ ഡാമിൽ നിന്നും വെള്ളം കൊണ്ടുവരാൻ ശ്രമിക്കുകയാണ്. ഇതെല്ലാം കണ്ടുകൊണ്ട്, അരുവിക്കര ഡാമിനെ സംരക്ഷിക്കുവാനും അവിടുത്തെ മണലും ചെളിയും പോളയും മാറ്റുവാനുമുള്ള പ്രത്യേക പദ്ധതി അങ്ങ് നിർദ്ദേശിക്കുമോ?

<u>മി. സ്പീക്കർ</u>: ഉപചോദ്യങ്ങൾക്ക് ഒറ്റ വാചകത്തിൽ മറുപടി പറഞ്ഞാൽ മതി.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, പോളയുടെ പ്രശ്നം പലയിടങ്ങളിലും ബാധിച്ചിട്ടുണ്ട്. അവിടെനിന്നെല്ലാം അവ നീക്കം ചെയ്യുന്നതിനുതന്നെയാണ് മുൻതൂക്കം നൽകുന്നത്. അരുവിക്കര ഡാമിന്റെ പ്രശ്നം പ്രത്യേകമായി പരിശോധിച്ച് നടപടികൾ സ്വീകരിക്കാം.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ജലം ഭൂമിയിലേയ്ക്ക് താഴ്ന്ന് പോകുന്നതിന് ധാരാളം തടസ്സങ്ങളുണ്ട്. മണ്ണിന് ഇളക്കമില്ലെങ്കിൽ ജലം ഭൂമിയിലേയ്ക്ക് താഴ്ന്ന് പോകാതെ, ഒഴുകി കടലിലേയ്ക്ക് പോകും. ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെടുത്തി ജലം ഭൂമിയിലേയ്ക്ക് താഴുന്നതിന് ഒരു സംവിധാനമുണ്ടാക്കണം. മലിനജലം മുഴുവൻ ജലാശയങ്ങളിൽ (കുളങ്ങളിലും തോടുകളിലും) ഒഴുകി എത്തുന്നു, അത് എത്താതിരിക്കാനുള്ള ഒരു പദ്ധതി ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കണം. ജലം ഭൂമിയിൽ താഴുന്നതിനും മാലിന്യം ജലാശയങ്ങളിൽ എത്താതിരിക്കുന്നതിനും ഈ പദ്ധതിയിൽ മുൻഗണന നൽകി ഇത് ഒരു ജനകീയ പദ്ധതിയായി വളർത്താൻ ഗവൺമെന്റ് ശ്രമിക്കുകയാണ്. പക്ഷേ അതിന് ശാസ്ത്രീയമായ ഒരു സംവിധാനംകൂടി ഉണ്ടാക്കാൻ ശ്രദ്ധിക്കണം.

ശ്രീ. പിണറായി വിജയൻ: സർ, വെള്ളം ശുദ്ധീകരിക്കുക എന്നത് വളരെ പ്രധാനം തന്നെയാണ്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ കുളങ്ങളും നദികളും ഉൾപ്പെടെയുള്ള പല ജലസംഭരണികളിലെയും വെള്ളം കൈകൊണ്ടുപോലും തൊടാൻ സാധിക്കാത്തവിധം മലിനമായിരിക്കുകയാണ്. അവ ശുദ്ധീകരിച്ച് പ്രാദേശിക കുടിവെള്ള സ്രോതസ്സാക്കി മാറ്റണം. ജലാശയങ്ങളിൽ മാലിന്യം നിറയുന്നത് ഒരു വലിയ പ്രശ്നമായി വരുകയാണ്. ഇതിനെതിരെയുള്ള

ബോധവത്ക്കരണത്തിനാണ് നാം ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. നാടാകെ ജനപങ്കാളിത്തം വഹിച്ചുകൊണ്ട്, കൊച്ചുകുഞ്ഞുകൾ മുതൽ പ്രായമുള്ളവർ വരെ പങ്കാളികളായിക്കൊണ്ട് മാലിന്യ നിർമ്മാർജനത്തിനുള്ള നടപടികൾ സ്വീകരിക്കുമ്പോൾ സ്വാഭാവികമായും ഇന്നത്തെ നിലയിൽ മാറ്റം വരും, ഒരു ബോധവത്ക്കരണം വരും. അതിനുശേഷവും മാലിന്യം നിഷേപിച്ചാൽ കർക്കശമായ നടപടികൾ നേരിടേണ്ടതായും വരും. ഇത് രണ്ടും ഒത്തുചേർന്ന് മുന്നോട്ട് കൊണ്ടുപോയി പൂർണ്ണമായും മാലിന്യമുക്തമാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എം. ഉമ്മർ: സർ, സ്വാഭാവികമായി ഉണ്ടായിട്ടുള്ള ജലാശയങ്ങൾ, കുളങ്ങൾ, അരുവികൾ, തോടുകൾ എന്നിവയെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേതായിട്ടാണ് കണക്കാക്കുന്നത്. എന്നാൽ അടുത്ത കാലത്തായി ഉണ്ടായിട്ടുള്ള ക്വാറികൾ വലിയ രീതിയിൽ രൂപപ്പെട്ട് ഏക്കർ കണക്കിനുവരുന്ന സ്ഥലങ്ങൾ വലിയ ജലാശയങ്ങളായി മാറിയിട്ടുണ്ട്. ആ ജലാശയങ്ങൾ സ്വകാര്യ സ്ഥലത്താണ് നിൽക്കുന്നത്. പഞ്ചായത്തിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ പരിധിയിൽ വരുന്നതുമല്ല. അത് പുതുതായി രൂപപെട്ട ജലാശയങ്ങളാണ്. ഇപ്പോൾതന്നെ വറ്റാത്ത വലിയ ജലാശയങ്ങൾ നിലനിൽക്കുന്നുണ്ട്. ഇത് ഒരു പട്ടികയിലുംപെടാതെ, എന്നാൽ സ്വകാര്യ

സ്വത്തായതുകൊണ്ടും പാറപ്പൊട്ടിക്കാത്തതുകൊണ്ടും അവിടെ ആരും തിരിഞ്ഞുനോക്കുന്നുമില്ല. അങ്ങനെ ജലാശയങ്ങളായി രൂപപ്പെട്ട ക്വാറികൾ ഏറ്റെടുക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് തീരുമാനമെടുക്കുമോ ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഹരിത കേരള മിഷന്റെ ഭാഗമായി ക്വാറികളിലുള്ള വെള്ളം ശുദ്ധീകരിക്കേണ്ടതാണ് എന്നുതന്നെയാണ് കണ്ടിരിക്കുന്നത്. അത്തരം സ്ഥലങ്ങൾ മാലിന്യങ്ങൾ വലിച്ചെറിയാനാണ് ആളുകൾ ഉപയോഗിക്കുന്നത്. അതുമുഴുവൻ ശുദ്ധീകരിച്ച് നല്ല വെള്ളമായി മാറ്റാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. അവ ഏറ്റെടുക്കാൻ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ ആ വെള്ളം ശുദ്ധീകരിക്കാനുള്ള നടപടികൾ ഹരിത കേരള മിഷന്റെ ഭാഗമായി പ്രാദേശികമായി സ്വീകരിച്ചുവരുന്നുണ്ട്.

<u>ശ്രീ. എം. നൗഷാദ്</u>: സർ, നമ്മുടെ കുടിവെള്ള സംരക്ഷണത്തിന്റെ ഭാഗമായി വെള്ളം ഭൂമിയിലേയ്ക്ക് ഇറങ്ങാനുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. കുളങ്ങളും തോടുകളും എല്ലാം സംരക്ഷിക്കുക. പക്ഷേ കേരളത്തിലാകെത്തന്നെ തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ ഈ റോഡ് കോൺക്രീറ്റ് എന്നൊരു ഏർപ്പാടുണ്ട്. നിരപ്പായിക്കിടക്കുന്ന ഭൂമിയുൾപ്പെടെ കോൺക്രീറ്റ് ചെയ്ത് വെള്ളം ഭൂമിയിലേയ്ക്ക് ഇറങ്ങാനുള്ള അവസരം പൊതുപണം ഉപയോഗപ്പെടുത്തി

നഷ്ടപ്പെടുത്തുകയാണ്. അതിനുപകരം കുത്തനെയൊക്കെയുള്ള സ്ഥലങ്ങളിൽ ചിലപ്പോൾ റോഡ് കോൺക്രീറ്റ് ചെയ്യേണ്ടി വരും. അതിനുപകരം ഇടറോഡുകളും മറ്റും കോൺക്രീറ്റ് ചെയ്യുന്നത് പൂർണ്ണമായും ഒഴിവാക്കി പകരം ഇന്റർലോക്ക് തുടങ്ങിയ സംവിധാനം ഏർപ്പെടുത്തിയാൽ ജലം ഭൂമിയിലേയ്ക്ക് ഇറങ്ങുകയും ചെയ്യും റോഡ് വൃത്തിയാകുകയും ചെയ്യും. അതുകൊണ്ട് ഇടവഴികളും മറ്റും കോൺക്രീറ്റ് ചെയ്യുന്നത് നിരുത്സാഹപ്പെടുത്താനുള്ള പദ്ധതികൾ തയ്യാറാക്കുമോ അങ്ങനെ വല്ല ആലോചനയും സർക്കാരിന്റെ മുന്നിലുണ്ടോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, റോഡിന്റെ കാര്യത്തിൽ കോൺക്രീറ്റുപോലുള്ള കാര്യങ്ങൾ ആലോചിക്കുന്നത് പൊട്ടിപ്പൊള്ളിഞ്ഞ് വല്ലാത്ത അവസ്ഥയായി എല്ലാസമയത്തും പൊട്ടുന്ന വല്ലാത്ത മഴവരുന്ന അങ്ങനെയുള്ള പ്രദേശങ്ങളൊക്കെയാണ് കോൺക്രീറ്റ് ഇടുന്നതായി കാണുന്നത്. മറ്റുള്ളത് എനിയ്ക്ക് അത്ര കണ്ട് അറിയുന്ന കാര്യമല്ല. എല്ലാ സ്ഥലങ്ങളും കോൺക്രീറ്റ് ചെയ്യാനൊന്നും പോകുന്നില്ല. നല്ല റോഡ് വേണമെന്നാണ് എല്ലാപേരും ആഗ്രഹിക്കുന്നത് അതിന്റെ ഭാഗമായിട്ടാണ്. ഏതായാലും അതും ഈ പദ്ധതിയുമായി ബന്ധമുള്ളതല്ല. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച രീതിയിൽ വെള്ളം മണ്ണിലേയ്ക്ക് ഇറങ്ങുന്നതിനാവശ്യമായ നടപടികൾ ഇതിന്റെ ഭാഗമായി സ്വീകരിച്ച

വരുന്നു. അതിൽ മുൻകാലങ്ങളിൽ നമ്മുടെ പറമ്പുകളൊക്കെ കിളച്ചിടുമായിരുന്നു മഴ തുടങ്ങുന്ന സമയത്ത് അതൊക്ക ഇപ്പോൾ പലപ്പോഴും ഒഴിഞ്ഞു പോകുന്നു. മഴയുടെ തുടക്കത്തിൽത്തന്നെ കിളച്ചിട്ടാൽ വെള്ളം അതിലൂടെ കിനിഞ്ഞ് താഴോട്ടിറങ്ങുന്നതാണ്. അതുപോലെ തന്നെ വെള്ളം ഭൂമിയിലോട്ട് ഇറങ്ങുന്ന സജ്ജീകരണങ്ങൾ ഓരോ പ്രദേശത്തും ചെയ്യണം എന്നതും ഇതിന്റെ ഭാഗമായി കണ്ടിട്ടുണ്ട്.

ശ്രീ. കെ. മുരളീധരൻ: സർ, എറ്റവും അധികം ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നത് തിരുവനന്തപുരം നഗരത്തിലാണ്. ഇവിടെ പോളയല്ല പ്രധാനകാരണം പല ഡ്രെയിനേജ് ലൈനുകളും ചെന്നു പതിക്കുന്നത് ഈ ജലാശയങ്ങളിലാണ്. അതിനുദാഹരണങ്ങളാണ് പത്മതീർത്ഥകുളം, പാർവ്വതീ പുത്തനാർ. ഇതെല്ലാം നവീകരിക്കാൻ കഴിഞ്ഞാൽ നഗരത്തിലെ ശുദ്ധജലക്ഷാമത്തിന് പരിഹാരമുണ്ടാക്കാൻ കഴിയും. ഇപ്പോൾ തന്നെ നെയ്യാറിൽനിന്ന് ജലം അരുവിക്കരയിലേയ്ക്ക് പമ്പ് ചെയ്യുന്നുണ്ട്. ഇതിന്റെ പകുതി ശ്രമം നടത്തിയാൽമതി പാർവ്വതീ പുത്തനാറൊക്കെ ശുദ്ധീകരിക്കാൻ. ഇക്കാര്യത്തിൽ ഗവൺമെന്റ് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമോ ?

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ ശുദ്ധീകരണ പ്രക്രിയയുടെ

ഭാഗമായി ശുദ്ധീകരിക്കേണ്ട ഒന്ന തന്നെയാണ് പാർവ്വതീ പുത്തനാർ എന്നു തന്നെയാണ് സർക്കാർ കാണുന്നത്. അതൊരു പദ്ധതിയായിട്ടുതന്നെ നമുക്ക് നടപ്പാക്കാവുന്നതാണ്. ഇപ്പോൾത്തന്നെ അത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുമുണ്ട്.

ശ്രീ. ഐ. ബി. സതീഷ്: സർ, കേരളത്തിന്റെ ഭൂഗർഭ ജലനിരപ്പ് അപായകരമാംവിധം താഴ്ന്നുകൊണ്ടിരിക്കുകയാണെന്നാണ് ഭൂഗർഭ ജലവകുപ്പിന്റെ കണക്കുകൾ ബോദ്ധ്യപ്പെടുത്തുന്നതും അനുഭവങ്ങൾ ബോദ്ധ്യപ്പെടുത്തുന്നതും. അതിനുള്ള പരിഹാരമാണ് ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ കിണർ റീ-ചാർജ്ജിംഗും മഴകൊയ്ത്തും. സർക്കാർ ഓഫീസുകളിലും കിണർ റീച്ചാർജിംഗും മഴകൊയ്ത്തും വ്യാപകമായി നടത്താനുള്ള നിർദ്ദേശം നൽകാനാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, നമ്മൾ ഒരു ഘട്ടത്തിൽ, കുറച്ചുനാൾമുമ്പ് ഉള്ള കിണറുകൾ തന്നെ നികത്തിക്കളയാനുള്ള ഒരു വലിയ ശ്രമം നടത്തിയെന്നാണ് കേൾക്കുന്നത്. അതിന്റെ ഭാഗമായി പല കിണറുകളും ഇല്ലാതായിപ്പോയിട്ടുണ്ട്. ഇപ്പോൾ കിണറുകളും മറ്റും പുനർനിർമ്മിക്കുന്നതിനായി നമ്മൾ തിരിച്ചുപോവുകയാണ്. സർക്കാർ ഓഫീസുകളുമായി ബന്ധപ്പെട്ടും ഇത്തരം കാര്യങ്ങൾ അതായത് എങ്ങനെ വെള്ളം മണ്ണിലേയ്ക്ക് ഇറങ്ങുന്ന സംവിധാനം ഒരുക്കാൻ കഴിയുമെന്നത് ഗൗരവ്വമായി ആലോചിക്കാവുന്നതാണ്. അതിനുള്ള മറ്റു

സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യാം.

<u>ശ്രീ. കെ. എം. ഷാജി</u>: സർ, അങ്ങ് പറഞ്ഞതുപോലെ നമ്മളുടെ നാട്ടിലൊക്കെ വെള്ളം സംഭരിക്കപ്പെടുന്നില്ല എന്നുള്ളത് ശരിയാണ്. പ്രത്യേകിച്ച് തോട്ടങ്ങളിലൊക്കെയുള്ള എടക്കഴികളൊക്കെ പോയി. നമ്മുടെ കേരളത്തിന്റെ ഭൂ പ്രകൃതി തന്നെ പടിഞ്ഞാറോട്ട് ചരിഞ്ഞാണ് വെള്ളമൊക്കെ കടലിലോട്ടാണ് പോകുന്നത്. ക്ഷേത്രകുളങ്ങൾ എടുക്കുന്നതിന് ഒരു ബുദ്ധിമുട്ട് ഉണ്ടെങ്കിൽപ്പോലും ആ ക്ഷേത്രത്തിന്റേതുമാത്രമല്ല ആ കുളം. അതിൽ സംഭരിക്കപ്പെടുന്ന വെള്ളം അതിൻെറ പരിസരഭാഗങ്ങളിലെ കിണറുകളിലൊക്കെ വെള്ളം എത്തിക്കുന്നുണ്ട്. അതുകൊണ്ട് ഒരു ടേമിലെങ്കിലും നമുക്ക് എം.എൽ.എ മാർക്ക് അവരുടെ അസറ്റ് ഫണ്ട് അടക്കം ക്ഷേത്രകുളങ്ങളും അതുപോലെ പള്ളിക്കുളങ്ങളും നവീകരിക്കുന്നതിന് ഒരു അവസരം തരാൻ ഗവൺമെന്റ് ആലോചിക്കുമോ ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട കുളങ്ങൾ നവീകരിക്കുന്നതിന് ഇപ്പോൾ തന്നെ ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ചില കുളങ്ങളൊക്കെ ഇപ്പോൾ തന്നെ ശുദ്ധികരിച്ചു കഴിഞ്ഞിട്ടുണ്ട്. അതിന് മറ്റു തടസ്സങ്ങളില്ല. ആരാധനാലയങ്ങൾക്കും നല്ല വെള്ളം ആവശ്യമാണ്. നമ്മൾ അത് എവിടെയും എടുത്തുകൊണ്ടുപോകുന്നില്ല. അതോടൊപ്പം ഇതിലുള്ള പ്രശ്നം ഹരിത

കേരള മിഷൻെറ ഭാഗമായി നടക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും ഒരു ഭാഗം ഫണ്ടുണ്ട്. മറ്റൊരു ഭാഗം വോളന്റിറി വർക്കുണ്ട്. നാട്ടുകാർ നല്ലതുപോലെ സഹകരിച്ച് കാര്യങ്ങൾ ചെയ്യുന്നുണ്ട്. അതിൻെറ ഭാഗമായിട്ടാണ് പലയിടത്തും ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്. എന്നാൽ ആവശ്യമായ ഫണ്ട് കണ്ടെത്തുന്നതിന് എം.എൽ.എ.മാർക്കും അതുമായി ബന്ധപ്പെട്ട് ....

മി. സ്പീക്കർ: എം.എൽ.എ. ഫണ്ടോ/ ആസ്തി വികസന ഫണ്ടോ ഉപയോഗിക്കുന്നതിന് അനുവാദം നൽകുമോ എന്നാണ് ചോദിക്കുന്നത് ?

ശ്രീ. പിണറായി വിജയൻ: അതെ. അതുസംബന്ധിച്ചാണ് ഞാൻ പറഞ്ഞു വരുന്നത്. ഞാൻ പറഞ്ഞ് തീരട്ടെ. അത് ഉപയോഗിക്കുന്നതിന് എം.എൽ.എ.മാർക്ക് ഇപ്പോൾ എന്തെങ്കിലും തടസ്സം ഉണ്ടെങ്കിൽ അത് നീക്കാവുന്നതാണ്.

## പൊതു ആരോഗ്യ സംവിധാനം

ചോദ്യം (*152)

ശ്രീ. റ്റി. വി. രാജേഷ്:

ശ്രീ. കെ. വി. വിജയദാസ്:

ശ്രീ. പി. വി. അൻവർ:

ശ്രീ. കാരാട്ട് റസാഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാനിംഗ് ബോർഡ് നിരീക്ഷിച്ചിരുന്നതുപോലെ സംസ്ഥാനത്തെ സ്വകാര്യമേഖലയുടെ ആധിപത്യവും ഉയർന്ന ചികിത്സച്ചെലവും കാരണം കേരളത്തിലെ പന്ത്രണ്ട് ശതമാനം ഗ്രാമവാസികളും എട്ട് ശതമാനം നഗരവാസികളും ദാരിദ്ര്യരേഖയ്ക്ക് താഴെയാകുന്ന സ്ഥിതിവിശേഷം അവസാനിപ്പിക്കാനായി ആരോഗ്യമേഖലയിൽ നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണ്;

(ബി) പൊതുആരോഗ്യ സംവിധാനം ശാക്തീകരിക്കുന്നതോടൊപ്പം സ്വകാര്യമേഖലയിലെ അമിത ചികിത്സാച്ചെലവ് നിയന്ത്രിക്കാൻ നടപടിയുണ്ടാകുമോ;

(സി) ആരോഗ്യപരിരക്ഷ ജനങ്ങളുടെ അവകാശമാക്കി മാറ്റുമെന്ന നിലപാടിനനുസൃതമായി ബൃഹദ് ആരോഗ്യ ഇൻഷുറൻസ് പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ&ബി) പൊതുമേഖലാ ചികിത്സാ സംവിധാനങ്ങൾ ശക്തിപ്പെടുത്താനുള്ള നിരവധി പ്രവർത്തനങ്ങൾക്ക് ആരോഗ്യവകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. 'ആർദ്രം മിഷൻ ' ആരംഭിച്ചിട്ടുള്ളത് ഇപ്രകാരമുള്ള ഇടപെടലുകളുടെ ഭാഗമായാണ്. പൊതു ആരോഗ്യ സംവിധാനം ശാക്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

- ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം നൽകുക.
- ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.
- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക.
- രോഗികൾക്ക് പ്രോട്ടോകോൾ /ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക.
- 8 മെഡിക്കൽ കോളേജുകളിലെ ഒ.പി. സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി " patient Friendly Transformation of outpatient services to ensure quality of care" എന്ന പദ്ധതി

നടപ്പിലാക്കുന്നതിനായി 51,8184/- കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. 2016-17 സാമ്പത്തിക വർഷത്തിൽ, മാർച്ചിലെ ഉപധനാഭ്യർത്ഥന, പ്രകാരം, 12.92 കോടി രൂപ അനുവദിക്കുകയും, ഈ തുക പദ്ധതിയുടെ ആദ്യഘട്ട നടത്തിപ്പിനായി ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കൈമാറുകയും ചെയ്തിട്ടുണ്ട്.

- KIIFB യിൽ ഉൾപ്പെടുത്തി 2016-17 -ൽ രണ്ട് കാത്ത് ലാബുകളും 44 ഡയാലിസിസ് യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.
- 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിനു കീഴിലുള്ള വിവിധ ആശുപത്രികളുടെ അടിസ്ഥാന വികസനത്തിനുള്ള 2000 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി വരുന്നു. 2016-17 -ലെ സംസ്ഥാന പദ്ധതി വിഹിതം വഴിയുള്ള 23 കോടി രൂപയുടെ ആശുപത്രി ഉപകരണങ്ങളും 2017-18 ൽ green book -ഉൾപ്പെടുത്തിയിട്ടുള്ള 45 കോടി രൂപയുടെ ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കലും കെ.എം.എസ്.സി.എൽ വഴി നടന്നു വരുന്നു.

2017-18 -ലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി 50 കോടി രൂപയുടെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ആശുപ്രതികളിൽ നടത്തുന്നതാണ്. ഇതിനുപുറമേ ഈ വർഷം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി വിവിധ ആശുപത്രികൾക്കും ആരോഗ്യ സ്ഥാപനങ്ങൾക്കുമായി 6762.50 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിനുപുറമേ വിവിധ പ്ലാൻ പദ്ധതികളുടെ ഭാഗമായി ആശുപത്രികളുടെയും മറ്റ് വിവിധ വിഭാഗം ആരോഗ്യസ്ഥാപനങ്ങളുടെയും വികസന പ്രവർത്തനങ്ങൾക്കായി തുക അനുവദിച്ചിട്ടുണ്ട്.

- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യവകുപ്പിനു കീഴിലെ വിവിധ വിഭാഗം ആരോഗ്യസ്ഥാപനങ്ങളിലായി സൃഷ്ടിച്ച 1965 തസ്തികകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.
- പ്രാഥമികാരോഗ്യ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പൊതുമേഖാ ചികിത്സാ സംവിധാനത്തിന്റെ നെട്ടംതൂണായി കരുതുന്ന പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും അതുമായി ബന്ധപ്പെട്ട രോഗപ്രതിരോധ/നിയന്ത്രണ പ്രവർത്തനങ്ങളും

ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കേരളത്തിലെ മാറിയ രോഗാതുരതയും ജീവിതശൈലീരോഗങ്ങളുടെ വർദ്ധനവും കണക്കിലെടുത്ത് ഈ രോഗങ്ങളുടെ പ്രതിരോധത്തിനും നിയന്ത്രണത്തിനും ചികിത്സയ്ക്കുമുള്ള സൗകര്യങ്ങൾ വിപുലപ്പെടുത്തി വരുന്നുണ്ട്.

- രോഗ ചികിത്സയുടെയും ആശുപത്രി സംബന്ധമായ വിവരങ്ങളും ഫീൽഡ്തല പൊതുജനാരോഗ്യ പ്രവർത്തനവിവരങ്ങളും കമ്പ്യൂട്ടർവത്കരിക്കുന്നതിനുള്ള ഇ-ഹെൽത്ത് പരിപാടിക്കും സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ടുണ്ട്.
- കേരളത്തിൽ ജീവിതശൈലീരോഗങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യം കണക്കിലെടുത്ത് പ്രാഥമികാരോഗ്യമേഖലയെ ഈ രോഗങ്ങൾ കൈകാര്യം ചെയ്യുന്നതിന് സജ്ജമാക്കുന്ന രീതിയിലുള്ള പ്രവർത്തനപരിപാടികൾക്ക് ആരോഗ്യവകുപ്പ് ഊന്നൽ നൽകി വരുന്നു. ജില്ലാ/താലൂക്ക് തല ആശുപത്രികൾ /സൂപ്പർസ്പെഷ്യാലിറ്റി/സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വികസിപ്പിക്കുന്നതുവഴി ജീവിതശൈലീരോഗങ്ങൾക്ക് ആവശ്യമായ വിദഗ്ധ ചികിത്സ ലഭ്യമാക്കാൻ കഴിയുന്നതാണ്. സ്വകാര്യ

മേഖലയിൽ ഫീസ് ഈടാക്കുന്നതിൽ സുതാര്യത ഉറപ്പാക്കാൻ വേണ്ടി നിയമനിർമ്മാണം പരിഗണനയിലാണ്.

(സി) ജനങ്ങൾക്ക് ആരോഗ്യ പരിരക്ഷയ്ക്കായി ആർ.എസ്.ബി.വൈ., സി.എച്ച്.ഐ.എസ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

പരിശോധിക്കുന്നതാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, നമ്മുടെ ആരോഗ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 2000 കോടി രൂപ പ്രഖ്യാപിച്ച സർക്കാരാണിത്. കേരളത്തിന്റെ ആരോഗ്യമേഖലയ്ക്ക് ഉണർവ്വും ഉന്മേഷവും നൽകുന്ന ഈ പദ്ധതികളെല്ലാം സ്വാഗതം ചെയ്യുകയാണ്. കേരളത്തിൽ കഴിഞ്ഞ കുറെ വർഷങ്ങളായി നിരവധി സി.എച്ച്.സി.കൾ താലൂക്കാശുപത്രികളായി പുനർനാമകരണം ചെയ്തിട്ടുണ്ട്. പേരിന് അതൊക്കെ താലൂക്കാശുപത്രികളാണ്. എന്നാൽ കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് അത്തരത്തിലുള്ള പേര് മാറ്റിയിട്ടുള്ള ഒരു ആശുപത്രിപോലും താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ കൊടുക്കാൻ അവർ തയ്യാറായിരുന്നില്ല. ഇതുമൂലം യഥാർത്ഥത്തിൽ സി.എച്ച്.എസ്.സി.യുമല്ല താലൂക്കാശുപത്രിയുമല്ലാത്ത ഒരവസ്ഥയിലാണ് മിക്ക ആശുപത്രികളും നിലനിൽക്കുന്നത്. ഇക്കാര്യത്തിൽ താലൂക്കാശുപത്രികൾക്ക്

താലൂക്കാശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ നൽകാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കണം.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇതൊരു പൊതു സമീപനത്തിന്റെ പ്രശ്നമാണ്. ചികിത്സയിൽ മൂന്ന് പ്രധാനപ്പെട്ട ഭാഗങ്ങൾ ഉണ്ട്. അതിൽ ഒന്ന് രോഗപ്രതിരോധം തന്നെയാണ്. രണ്ടാമത്തേത് ചികിത്സയാണ്. ഇത് രണ്ടും ഫലപ്രദമാകാത്ത ഒരു സാഹചര്യത്തിലാണ് മൂന്നാമത്തെ ഭാഗമായ സാന്ത്വനം ചികിത്സ വരുന്നത്. ഇതിൽ ചികിത്സാമേഖലയിലെ ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ഉന്നയിച്ചത്. ഈ മൂന്ന് ഭാഗങ്ങളും പരസ്പര പൂരകങ്ങളായിട്ട് കേരളത്തിന്റെ ആരോഗ്യമേഖലയെ ശാക്തീകരിക്കാൻ ശ്രമിക്കുമ്പോൾ താലൂക്കാശുപത്രികളും അതുപോലെ ജില്ലാ ആശുപത്രികളും സാങ്കേതികമായും മെച്ചപ്പെടുത്തേണ്ടതും ആവശ്യമാണ്. മുമ്പ് സർക്കാർ താലൂക്കാശുപത്രികളാണ് ജില്ലാ ആശുപത്രികളായി ഉയർത്തപ്പെട്ടെങ്കിലും അവയ്ക്കാവശ്യമായ സ്റ്റാഫ് പാറ്റേൺ പുതുക്കുകയോ പുതിയ തസ്തികകൾ നൽകുകയേയാ ചെയ്തിരുന്നില്ല. ഇപ്പോൾ ഇത്തരത്തിലുള്ള താലൂക്കാശുപത്രിയും ജില്ലാ ആശുപത്രിയും മാത്രമല്ല ആശുപത്രി ശൃംഖലയിലുള്ള എല്ലാ ആശുപത്രികളിലും ആവശ്യമായ തസ്തിക സൃഷ്ടിച്ച് അവിടെ ഡോക്ടർമാരും

ഡോക്ടർമാർ അല്ലാത്ത ഇതര സ്റ്റാഫുകളും പൂർണ്ണമാക്കിക്കൊണ്ട് ചികിത്സാമേഖല പ്രതിരോധത്തിനും സാന്ത്വനത്തിനും പരസ്പര പൂരകങ്ങളായി ശാക്തീകരിക്കും എന്നതന്നെയാണ് മറുപടിപറയുവാനുള്ളത്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഇന്ത്യയിൽ ആനുപാതികമായി ഏറ്റവും കൂടുതൽ റോഡപകടങ്ങളിൽപ്പെട്ട് മരണമടയുന്നവരുടെ എണ്ണമുള്ള സംസ്ഥാനമാണ് കേരളം. ഒരു വർഷം ഏതാണ്ട് 4000 ത്തോളം ആളുകൾ റോഡപകടങ്ങളിൽ ജീവൻ നഷ്ടപ്പെടുന്നു എന്നാണ് കണക്ക്. നമ്മുടെ ട്രോമ കെയർ ശൃംഖല വേണ്ടത്ര ഫലപ്രദമല്ല. ഇപ്പോൾ ലെവൽ 4, 108 ആംബുലൻസ് തിരുവനന്തപുരത്തും അതുപോലെ തന്നെ ആലപ്പുഴയിലും ആരംഭിച്ചതാണ്. പക്ഷേ പല ആംബുലൻസുകളും ഇന്ന് പ്രവർത്തനക്ഷമമല്ല. എനിയ്ക്കു പറയാനുള്ളത് ലെവൽ 4 മുതൽ ലെവൽ 1 വരെ നമ്മുടെ പ്രത്യേകിച്ചും ഈ റോഡപകടങ്ങളിൽപ്പെട്ടവർക്ക് ഒരു മണിക്കൂറിനുള്ളിൽ അവർക്ക് മതിയായ ചികിത്സ നൽകാൻ കഴിഞ്ഞാൽ അവരുടെ ജീവൻ രക്ഷിക്കാൻ കഴിയുമെന്നുള്ളതാണ്. അങ്ങനെ വന്നാൽ യഥാർത്ഥത്തിൽ ഇങ്ങനെ മരണമടയുന്നവരുടെ സംഖ്യ പകുതിയായി കുറയ്ക്കാൻ കഴിയും ഈ ഒരു സാഹചര്യത്തിൽ ആരോഗ്യമേഖലയിൽ ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കേരളത്തിലെ സർക്കാർ ഈ ട്രോമ കെയർ ശൃംഖല ശക്തിപ്പെടുത്താനുള്ള

ഫലപ്രഥമായ നടപടികൾ സ്വീകരിക്കുമോ ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഞാൻ നേരത്തേ പറഞ്ഞ ഉത്തരത്തിന് തുടർച്ചയായ ഒരു ചോദ്യമാണിത്. ചികിത്സാമേഖല എറ്റവും ശാക്തീകരിക്കുക, ആധുനികവൽക്കരിക്കുക എന്നുള്ളതാണ് ലക്ഷ്യം. അതിനുവേണ്ടിയും മറ്റുമേഖലകളെ ശക്തിപ്പെടുത്തുന്നതിനുംവേണ്ടിയിട്ടുമാണ് 'ആർദ്രം മിഷൻ' എന്ന പരിപാടി സംസ്ഥാന സർക്കാർ ആരോഗ്യ വകുപ്പിൽ ആരംഭിച്ചത്. അതിന്റെ ഭാഗമായിട്ട് മെഡിക്കൽ കോളേജുകളും ജില്ലാ ആശുപത്രികളും താലൂക്കാശുപത്രികളും ശാക്തീകരിക്കുമ്പോൾ അതിന്റെ ഭാഗമായി സ്വാഭാവികമായിട്ടും ട്രോമാകെയർ സംവിധാനം പരസ്പര പൂരകങ്ങളാണ്. ഒന്ന് ഒന്നിൽനിന്ന് വ്യത്യസ്തമായി വലുതാക്കുക എന്നതിനപ്പുറം എല്ലാ ചികിത്സാ സംവിധാനങ്ങളും പരസ്പരപൂരകങ്ങളായി ശാക്തീകരിക്കുക എന്ന നിലപാടാണ് ആരോഗ്യവകുപ്പ് എടുക്കുന്നത്. തീർച്ചയായിട്ടും ഇത്തരത്തിൽ അപകട പ്രശ്നങ്ങൾ കൈകാര്യം ചെയ്യത്തക്ക രീതിയിലുള്ള എല്ലാ സംവിധാനങ്ങളും ഏറ്റവും കൂടുതൽ ആധുനികവൽക്കരിക്കാൻ ശ്രമിക്കാം.

ശ്രീ. കെ. വി. വിജയദാസ്: സർ, സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ മരുന്നുവിതരണം,

മരുന്നുക്ഷാമം എന്നിവയെ സംബന്ധിച്ച് ഒട്ടേറെ ആക്ഷേപങ്ങളാണ് ഉയർന്നുവരുന്നത്. സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്നരോഗികൾക്ക് മരുന്ന് ലഭ്യമാക്കാനും സർക്കാരിൽ നിന്ന് ആശുപത്രികളിലേയ്ക്കുള്ള മരുന്ന് വിതരണം സുതാര്യമാക്കാനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, നേരത്തേ ചോദിച്ച ചോദ്യത്തിന്റെ തുടർ ചോദ്യമാണിത്. ചികിത്സാ മേഖലയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ഡോക്ടർമാരും നേഴ്സുമാരും മറ്റ് ഉദ്യോഗസ്ഥരും ഉണ്ടാകുമെന്നത് പോലെ തന്നെ പ്രധാനപ്പെട്ടതാണ് മരുന്നുകളുടെ ലഭ്യത. ജനറിക് നാമത്തിൽ മാത്രം മരുന്നുകൾ പ്രിസ്ക്രൈബ് ചെയ്യുകയും അത് സൗജന്യമായി രോഗികൾക്ക് കൊടുക്കുകയും ചെയ്യുക എന്ന നിലപാട് എടുക്കുകയും ആവശ്യത്തിനുള്ള മരുന്നുകൾ എല്ലാ ആശുപത്രികളിലും ലഭ്യമാക്കുകയും ചെയ്യുക എന്ന ആർദ്രം മിഷന്റെ പ്രധാനപ്പെട്ട ലക്ഷ്യം പ്രാവർത്തികമാകുമ്പോൾ ബഹുമാനപ്പെട്ട എം.എൽ.എ. ചോദിച്ച ചോദ്യത്തിന് ഉത്തരം ലഭിക്കുകയാണ്. കേരളത്തിൽ എല്ലാവർക്കും സൗജന്യമായി ആവശ്യമുള്ള മരുന്ന് എല്ലാ ആശുപത്രികളിലും ലഭ്യമാക്കുന്നതാണ്.

ശ്രീ. പി. വി. അൻവർ: സർ, കഴിഞ്ഞ ഒരു വർഷമായി ഇടതുപക്ഷ സർക്കാർ

ആരോഗ്യരംഗത്ത് ഉണ്ടാക്കിയ മാറ്റം ഈ നാട്ടിലെ ജനങ്ങൾക്ക് വലിയ ആശ്വാസമുണ്ടാക്കിയിട്ടുണ്ടെന്ന് നമുക്കെല്ലാവർക്കുമറിയാം. പ്രധാനമായും ഉള്ള ഒരു പ്രശ്നം, ആശുപത്രികളിൽ വരുന്ന ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും ആത്മാർത്ഥമായി ജോലി ചെയ്യുന്നവരും സമയത്തിനെത്തുന്നവരുമുണ്ട്. പക്ഷേ പല ഡോക്ടർമാരും സമയത്ത് എത്താത്ത എത്രയോ കേസ്സുകൾ പ്രാദേശികമായ ആശുപത്രികളിൽ പറയുന്നുണ്ട്. ഇതൊക്കെ തിരുവനന്തപുരത്തുനിന്ന് മോണിറ്റർ ചെയ്യാൻ കഴിയുന്ന എത്രയോ വാർത്താ വിനിമയ സംവിധാനങ്ങൾ നമുക്കുണ്ട്. ഇവരുടെ അറ്റൻഡൻസ് സെൻട്രലൈസ് ചെയ്യുന്ന ഒരു സംവിധാനം ഒരുക്കുകയാണെങ്കിൽ ഇതിന് ഒരു പരിധിവരെ പരിഹാരമുണ്ടാക്കാൻ സാധിക്കും. അതിനുവേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ; രണ്ടാമത്തെ വിഷയം, പ്രൈവറ്റ് ആശുപത്രികളിലെ ചികിത്സാ ചെലവ് നിയന്ത്രിക്കാൻ ശക്തമായ നിലപാട് എടുത്ത് ഗവൺമെന്റ് നിർദ്ദേശം കൊടുത്തതാണ്. സ്റ്റെന്റിന് വില നിശ്ചയിച്ച് കൊടുത്തതാണ്. സ്റ്റെന്റിന് വില കുറച്ചപ്പോഴും മറ്റ് ചികിത്സാ ചെലവുകൾ ആഡ് ചെയ്തുകൊണ്ട് മുമ്പുള്ള അതേയവസ്ഥയിൽ രോഗികൾക്ക് പണമടയ്ക്കേണ്ട സ്ഥിതിയുണ്ടാകുന്നു. ഇതിൽ ഗവൺമെന്റിന് ഇടപെടാൻ സാധിക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ആർദ്രം മിഷൻ ഒരു ജനകീയ പരിപാടിയാണ്. കേന്ദ്രീകൃതമായ ഒരു ബ്യൂറോക്രാറ്റിക് സംവിധാനത്തിന് അപ്പുറം കേരളത്തിലെ ആരോഗ്യമേഖല ജനകീയമാകുകയാണ് എന്നുള്ളതാണ് ഇതിലേറ്റവും പ്രധാനപ്പെട്ട കാര്യം. അതുകൊണ്ട് തന്നെ ഡോക്ടർമാരും മറ്റ് സ്റ്റാഫും എത്തുന്നില്ല എന്നുള്ള പ്രശ്നം ജനകീയമായി പരിഹരിക്കപ്പെടുമ്പോഴാണ് അത് ശാശ്വതമായി പരിഹരിക്കപ്പെടുന്നത്. അതോടൊപ്പം തന്നെ നേരത്തേ ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ അത് മോണിറ്റർ ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുന്നതിനുള്ള ശ്രമം നടക്കുന്നുണ്ട്. അതിനപ്പുറം ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ ജനകീയ പരിപാടിയായി ആരോഗ്യമേഖലയിലെ ചികിത്സാ സംവിധാനം വരുമ്പോൾ നിതാന്ത ശ്രദ്ധ ജനങ്ങളുടെ ഭാഗത്തുനിന്നുമുണ്ടാകും. അതിനുള്ള സംവിധാനങ്ങളുമുണ്ടാകും എന്നുള്ളത് മറ്റൊരു മോണിറ്ററിംഗ് സമ്പ്രദായമാണ്. അതുകൊണ്ട് ഇ-മോണിറ്ററിംഗ് സമ്പ്രദായത്തിനോടൊപ്പം തന്നെ ജനകീയ മോണിറ്ററിംഗ് കൂടി നടപ്പിലാക്കുമ്പോൾ അദ്ദേഹം പറഞ്ഞ ആ പ്രശ്നത്തിന് പരിഹാരമുണ്ടാകും. രണ്ടാമത് അദ്ദേഹം സൂചിപ്പിച്ച സ്റ്റെന്റിന് വില കുറച്ചപ്പോൾ വീണ്ടും കൂടുതൽ തുക ഈടാക്കിക്കൊണ്ട് കൂടുതൽ തുക ചെലവ് വരുന്നുവെങ്കിൽ അക്കാര്യം തീർച്ചയായും പരിശോധിച്ച് ജനങ്ങൾക്ക് കൂടുതൽ സൗകര്യം

ചെയ്തുകൊടുക്കും.

ശ്രീ. കാരാട്ട് റസാഖ്: സർ, സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്കിടെ ഗഡുക്കളായി അടയ്ക്കേണ്ട തുക യഥാസമയം അടയ്ക്കാൻ കഴിയാത്ത ഒരു സാഹചര്യത്തിൽ രോഗികൾക്ക് മതിയായ ചികിത്സയും മരുന്നും ലഭിക്കാത്ത ഒരു സാഹചര്യം കാണപ്പെടുകയാണ്. സ്വകാര്യ മേഖലയിലെ ആശുപത്രികളിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാൻ സർക്കാരിന് സാധിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, രണ്ട് തരത്തിലാണ് ആശുപത്രികളുള്ളത്. ഒന്ന് സ്വകാര്യ മേഖലയിലും മറ്റൊന്ന് പൊതുമേഖലയിലും. പൊതുമേഖലയിൽ ചികിത്സാ ചെലവ് വർദ്ധിക്കുക എന്ന പ്രശ്നമേ ഉദിക്കുന്നില്ല. സാർവ്വത്രികവും സൗജന്യവുമായ ചികിത്സാ സമ്പ്രദായം വ്യാപകമാക്കുന്നതിനാണ് ആർദ്രം മിഷൻ ശ്രമിക്കുന്നത്. അതിലൂടെ തന്നെ ജനങ്ങൾക്ക് വളരെ ചുരുങ്ങിയ ചെലവിൽ ചികിത്സ ലഭിക്കാനുള്ള വ്യാപകമായ സൗകര്യങ്ങളുണ്ടാകുമ്പോൾ സ്വാഭാവികമായും സ്വകാര്യ മേഖലയിലെ ചികിത്സാ ചെലവുകൾ കുറഞ്ഞുവരും. അവരുടെ കുത്തക/ആധിപത്യം വർദ്ധിക്കുമ്പോഴാണ് തോന്നിയതുപോലെ ചികിത്സാചെലവുകൾ വർദ്ധിപ്പിക്കുന്നത്. പൊതുമേഖല ശക്തിപ്പെട്ടുകഴിഞ്ഞാൽ അതിന് സാധിക്കാതെ വരും. അതുകൊണ്ട് ആ രീതിയിലുള്ള ഇടപെടലാണ്

നടത്തുന്നത്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ ജനകീയ ഇടപെടലിലൂടെയാണ് പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നത് എന്ന ദർശനത്തിലൂടെ ഈ പറഞ്ഞ പ്രശ്നം പരിഹരിക്കാനുള്ള ശ്രമം നടത്തും. മാത്രമല്ല, The Clinical Establishment Bill തയ്യാറായി വരുന്നതുകൂടി പ്രാവർത്തികമാകുമ്പോൾ സാങ്കേതികമായും ജനകീയമായും ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള സാഹചര്യമുണ്ടാകും.

ശ്രീ. വി. എസ്. ശിവകുമാർ: സർ, സംസ്ഥാനത്ത് ആകമാനം പകർച്ചപ്പനി വ്യാപിച്ചിരിക്കുകയാണ്. ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി തന്നെ പനി ബാധിച്ച് ചികിത്സയിലാണ്. ബഹുമാന്യനായ ഇ.പി. ജയരാജനും പനി ബാധിച്ചിരിക്കുന്നു, എന്റെ തൊട്ടടുത്തിരിക്കുന്ന ശ്രീ. വി.ഡി. സതീശനും പനി ബാധിച്ച് ആശുപത്രിയിലാണ്. നിയമസഭാംഗങ്ങൾക്ക് ഇക്കാര്യത്തിൽ പ്രത്യേകമായ ശ്രദ്ധയുണ്ടാകണം. ഇവിടെ പൊതുമേഖലയെ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമെന്നുള്ളതിനെക്കുറിച്ച് ചോദിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. സ്വകാര്യ മേഖലയുടെ ആധിപത്യവും ഉയർന്ന ചികിത്സാ ചെലവും കാരണം ജനങ്ങൾ ദാരിദ്ര്യത്തിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുന്നുവെന്നുള്ളതാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇത് ഉൾക്കൊണ്ടുകൊണ്ടാണ്

പണമില്ലാത്തതിന്റെ പേരിൽ ആർക്കും ചികിത്സ നിഷേധിക്കരുത് എന്നുള്ള ലക്ഷ്യത്തോടുകൂടി നിരവധിയായ പരിധിയില്ലാത്ത ചികിത്സാ പദ്ധതികൾ പ്രഖ്യാപിച്ചത്. ഞാൻ അതിനെക്കുറിച്ച് വിശദമായി പറയുന്നില്ല. അതിന്റെ ഭാഗമായിട്ടാണ് എല്ലാ മാരക രോഗങ്ങൾ അടക്കം സൗജന്യമായി ചികിത്സ കൊടുത്തിരുന്നു. ഇവിടെ സൂചിപ്പിച്ചതുപോലെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനാണ് ഇപ്പോൾ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുമ്പോൾ ഒരു പരിധിയുണ്ടാകും. ഇപ്പോൾ പെൻഷൻകാർക്ക് തന്നെ മൂന്നുലക്ഷം രൂപ വരെ പരിധി നിശ്ചയിച്ചിരിക്കുകയാണ്. യഥാർത്ഥത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇൻഷ്വറൻസ് സ്കീമുണ്ടായിരുന്നു. ചിസ്-ന്റെ ആഭിമുഖ്യത്തിൽ 30000 രൂപ ചികിത്സാ ധനസഹായം നൽകിയിരുന്നു.

<u>മി. സ്പീക്കർ</u>: ദയവായി അങ്ങ് സുദീർഘമായി സംസാരിക്കരുത്.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ചിസ് പ്ലസ്-70000 രൂപ. അതിനകത്ത് ചികിത്സാ ചെലവ് നിൽക്കാത്തവരുടെ പേര് കാരുണ്യ പദ്ധതിയിൽ കൊണ്ടുവരും. 18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് എല്ലാ ചികിത്സയും സൗജന്യമായിരുന്നു. അങ്ങനെയുള്ള ഒരു സമ്പ്രദായം ഇവിടെ നിലനിർത്താനുള്ള നടപടി സ്വീകരിക്കണം. അല്ലെങ്കിൽ ഇൻഷ്വറൻസ് സ്കീം വരുമ്പോൾ സ്വകാര്യ മേഖലയിലേയ്ക്ക് ആളുകൾ

പോകും. അവിടെ പരിധിയ്ക്കകത്തുനിന്നുകൊണ്ട് അവർക്ക് സൗജന്യമായ ചികിത്സ ലഭ്യമാകില്ല. അതുകൊണ്ട് സർക്കാർ മേഖലയിൽ പാവപ്പെട്ട ആളുകൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ എന്നുള്ളതാണ്. കിഫ്ബി-യിലൂടെ ഏകദേശം മൂവായിരം കോടി രൂപ പൊതുമേഖലയിൽ സർക്കാർ ആശുപത്രികളുടെ വികസനത്തിനും ചികിത്സയ്ക്കും വേണ്ടി വിനിയോഗിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ 8000 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യുമെന്നും പറഞ്ഞിട്ടുണ്ട്. ആ ഒരു സാഹചര്യത്തിൽ ഇൻഷ്വറൻസ് മേഖലയിലേയ്ക്ക് ചികിത്സാ സമ്പ്രദായത്തെ കൊണ്ടുപോകാതെ, കൊണ്ടുപോയാൽ പ്രൈവറ്റ് മേഖലയ്ക്ക് പോകും. പൊതുമേഖലയിൽ തന്നെ നിലനിർത്തിക്കൊണ്ട് ചികിത്സാ സമ്പ്രദായം കൊണ്ടുപോകുന്നതിനെക്കുറിച്ച് ആലോചിക്കണം. ആന്ധ്രാപ്രദേശിൽ ആരോഗ്യശ്രീ എന്നുപറയുന്ന ഇൻഷ്വറൻസ് പദ്ധതി പരാജയപ്പെട്ടു. അതുകൊണ്ട് പൊതുമേഖലയിൽ നിലനിർത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

<u>മി. സ്പീക്കർ</u>: ചോദ്യോത്തരവേളയിൽ ഒരു മണിക്കൂറാണ് നമുക്കുള്ളത്. ഒരാൾക്ക് അവസരം കൊടുത്താൽ കിട്ടിയ അവസരമുപയോഗിച്ച് മറ്റുള്ളവരുടെ എല്ലാ സമയവും അപഹരിക്കുക എന്നുള്ളതാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്.

ഇത് ശരിയല്ല. ഒറ്റവാചകത്തിൽ ചോദ്യം ചോദിച്ചാൽ ഉത്തരം ഒറ്റവാചകത്തിൽ പറയും. പരമാവധി ആളുകൾക്ക് സമയം ലഭിക്കുന്നതിനുവേണ്ടിയാണ് ചെയർ ശ്രമിക്കുന്നത്. അതിന് എല്ലാ മാനദണ്ഡങ്ങളും നോക്കുന്നുണ്ട്. ചിലയാളുകൾക്ക് ക്ഷോഭം വരുന്നുണ്ട്. ക്ഷോഭം വന്നിട്ട് കാര്യമില്ല. എല്ലാ മാനദണ്ഡങ്ങളും നോക്കിയാണ് ചെയർ ആളുകളെ വിളിക്കുന്നത്. ദയവായി സഹകരിക്കുക. ചോദ്യോത്തരവേളയെ പരമാവധി ഉപയോഗപ്പെടുത്താൻ എല്ലാവരും പരസ്പരം സഹകരിച്ചുപോയാൽ ഒരുപാട് ആളുകൾക്ക് അവസരം ലഭിക്കും.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ആർദ്രം മിഷൻ പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യം ഞാൻ വ്യക്തമാക്കി. അത് കേരളത്തിലെ എല്ലാവരുടെയും ചികിത്സാചെലവ് കുറയ്ക്കുകയും രോഗപ്രതിരോധ ശേഷി വർദ്ധിക്കുകയും അതുവഴി ചികിത്സയുടെ ആവശ്യകത തന്നെ കുറച്ചുകൊണ്ടുവരികയും ചെയ്യുക എന്നുള്ളതാണ് സമീപനം. ഈ സമീപനമാണ് അതിലെ പ്രധാനപ്പെട്ട കാര്യം. ഈ സമീപനത്തിന് വ്യത്യസ്തമായി ഇവിടെ പ്രതിരോധ സംവിധാനങ്ങളില്ലാതെ, ആരോഗ്യം ഇല്ലാതാകുന്ന ഒരു സാഹചര്യമുണ്ടാകുകയും സ്വകാര്യമേഖലയെ പ്രോത്സാഹിപ്പിക്കുന്ന ഒരു സാഹചര്യം ഉണ്ടാകുകയും ചെയ്യുമ്പോഴാണ് അങ്ങ് സൂചിപ്പിച്ചതുപോലെ ചില പദ്ധതികളൊക്കെ പൊതുമേഖലയിൽ എടുക്കേണ്ടതായി

വരുന്നത്. സ്വാഭാവികമായും അത് വിട്ട് കേരളത്തിന്റെ ആരോഗ്യമേഖലയെയും ജനങ്ങളെയും കണ്ട് ജനകീയമായി പൊതുമേഖലയെ വികസിപ്പിച്ചുകഴിഞ്ഞാൽ ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരമുണ്ടാകുന്നതാണ്. പൊതുമേഖലയെ ശക്തിപ്പെടുമ്പോൾ സ്വകാര്യ മേഖലയുടെ ആധിപത്യം കുറയും. ലോകത്ത് അങ്ങനെ മാത്രമേ കണ്ടിട്ടുള്ളൂ. അത് തിരിച്ചുവരുന്നു. നവലിബറൽ സാമ്പത്തിക നയങ്ങളുടെ ഭാഗമായി സർക്കാർ പൊതുമേഖലയിൽ നിന്നും പിൻവലിയുക എന്നുള്ളതാണ് അങ്ങയുടെ സർക്കാർ അടക്കം സ്വീകരിച്ചിരുന്ന നയം. അങ്ങനെ പിൻവലിഞ്ഞാൽ ഉണ്ടാകുന്ന ഇഫക്ടാണ് സ്വകാര്യ മേഖലയുടെ വളർച്ച. ഇവിടെ നേരെ തിരിച്ചാണ് ഉദ്ദേശിക്കുന്നത്. ഈ ഒരു ഇടപെടൽ സ്വകാര്യ മേഖലയുടെ ശാക്തീരണമല്ല, മറിച്ച് പൊതുമേഖലയുടെ ശാക്തീരണത്തിലൂടെ എല്ലാവർക്കും സൗജന്യ ചികിത്സ ലഭിക്കാവുന്ന അവസ്ഥ വരെ എത്തിച്ച്, ആധുനികവൽക്കരിച്ച് സ്വകാര്യ മേഖലയുടെ ആധിപത്യം ഇല്ലാതാക്കുക എന്ന വളരെ ശാസ്ത്രീയമായ സമീപനമാണ് എടുക്കുന്നത് എന്നതുകൊണ്ട് അങ്ങ് ഉദ്ദേശിച്ചതുപോലെ കേരളത്തിലെ എല്ലാവർക്കും സൗജന്യമായി ചുരുങ്ങിയ ചെലവിൽ ചികിത്സ ലഭിക്കും.

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ വിവിധതരം രക്തഗ്രൂപ്പുകൾ നിർണ്ണയിക്കലും, സ്കാനിംഗും, ഇ.സി.ജി. ഉൾപ്പെടെയുള്ള ഒരുപാട്

ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. സാധാരണക്കാരിൽ നിന്നും കൂടുതൽ ഫീസ് വാങ്ങിയാണ് അവർ ഇതൊക്കെ ചെയ്യുന്നത് എന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇതിന്റെ ടെസ്റ്റുകൾ പലപ്പോഴും കൃത്യമല്ലെന്ന് മനസ്സിലാക്കാനും കഴിഞ്ഞിട്ടുണ്ട്. ഇത്തരം സ്വകാര്യ ലാബുകളെ കൺട്രോൾ ചെയ്യുന്നതിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ല് പൂർത്തീകരിച്ച് ഈ നിയമസഭയിൽ തന്നെ അവതരിപ്പിക്കുന്നതാണ്. അത്തരത്തിൽ ബില്ല് വരുന്നതോടുകൂടി ഈ പറയുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുന്നതാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, നമ്മുടെ നാട്ടിൽ കിഡ്നി അസുഖങ്ങൾ വ്യാപകമായി വരികയാണ്. അതിന്റെ പശ്ചാത്തലത്തിൽ, വളരെ പാവപ്പെട്ടവർക്ക് ചികിത്സ ലഭിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് 44 സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കാൻ തീരുമാനിച്ചിരുന്നു. മണ്ണാർക്കാട് താലൂക്ക് ആശുപത്രിയും അതിൽ ഉൾപ്പെട്ടിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ എവിടെവരെയെത്തി; അത് എന്ന് തുടങ്ങാൻ കഴിയും?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> സർ, കൃത്യമായ ദിവസം സൂചിപ്പിക്കാൻ കഴിയില്ല.

പക്ഷേ ഈ വർഷത്തെ ബഡ്ജറ്റിൽ അത് ഉൾപ്പെടുത്തുകയും 44 ഡയാലിസിസ് യൂണിറ്റുകൾക്ക് അനുവാദം നൽകുകയും ചെയ്തു. തുടർനടപടികൾക്ക് സാങ്കേതിക തടസ്സം മാത്രമേയുള്ളൂ. എത്രയും വേഗം അങ്ങയുടെ ആശുപത്രിയിൽ മാത്രമല്ല കേരളത്തിലെ എല്ലാ 44 യൂണിറ്റുകളും ഈ വർഷം തന്നെ ആരംഭിക്കാനുള്ള നടപടികളെടുക്കുകയാണ്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ അങ്ങനെ ഡയാലിസിസിലൂടെ കിഡ്നി അസുഖം വന്നവർക്ക് പ്രശ്നപരിഹാരത്തിനുള്ള സംവിധാനം സ്വീകരിക്കുന്നതിനോടൊപ്പം കൂടുതൽ ഡയാലിസിസ് വേണ്ടാത്ത സാഹചര്യം ഉണ്ടാകത്തക്ക രീതിയിൽ, കിഡ്നി അസുഖം വരാത്ത രീതിയിലുള്ള രോഗപ്രതിരോധ ബോധവൽക്കരണ പരിപാടിയും ഇതിന്റെകൂടെ ആരംഭിക്കണം. അത് രണ്ടും കൂടി ചേർത്തുകൊണ്ടാണ് ആരോഗ്യരംഗത്ത് ഇടപെടാൻ ശ്രമിക്കുന്നത്.

ശ്രീമതി ഗീതാ ഗോപി: സർ, എന്റെ തീരദേശ മണ്ഡലമായ നാട്ടികയിൽ മത്സ്യ തൊഴിലാളികൾക്ക് ഏറ്റവും സുപ്രധാനമായിട്ടുള്ള ഏക ആശുപത്രിയാണ് ആതുര സേവനരംഗത്ത് വലപ്പാട് ഗവൺമെന്റ് ആശുപത്രി. ഈ വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ച ഈ സർക്കാരിനെ ഞാൻ അഭിനന്ദിക്കുകയാണ്. ബഡ്ജറ്റ് വോളിയം നമ്പർ 206-ൽ വലപ്പാട് ഗവൺമെന്റ് ആശുപത്രിയിൽ ഏറ്റവും കൂടുതൽ ഡയാലിസിസ് പേഷ്യന്റ്സും... ഒരു മാമോഗ്രാഫി സിസ്റ്റം നടത്തണമെന്നും

അവിടത്തെ ജനങ്ങൾ ആവശ്യപ്പെട്ടപ്പോൾ ഞാൻ റിക്വസ്റ്റ് കൊടുത്തു. അത് പൂർണ്ണമായും ഈ ബഡ്ജറ്റിൽ ടോക്കൻ പ്രൊവിഷൻ ഉൾപ്പെടുത്തിക്കൊണ്ട് വന്നു. ഈ വർഷം എത്രയും പെട്ടെന്ന് ആ ആശുപത്രിയെ ചികിത്സാ സംവിധാന രംഗത്ത് സ്ത്രീകൾക്കായുള്ള നല്ലൊരു കാൻസർ പരിശോധനാ സെന്ററിനു വേണ്ടി ഒരു മാമോഗ്രാഫി നടത്താൻ ഈ സർക്കാർ അംഗീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും അതൊരു പ്രൊപ്പോസലാണ്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ ഒരു സങ്കൽപ്പത്തിലാണ് നടപ്പിലാക്കുക. ആ ആശുപത്രിയിലെ പൊതു ചികിത്സാ സംവിധാനങ്ങളോട് ഇന്റഗ്രേറ്റ് ചെയ്തുകൊണ്ട് ഈ സംവിധാനവും നടപ്പിലാക്കും.

ശ്രീ. വി. ടി. ബൽറാം: സർ, പൊതുജനാരോഗ്യ സംവിധാനത്തെ ശക്തിപ്പെടുത്തുന്ന എല്ലാ നടപടികൾക്കും എല്ലാ പിന്തുണയും ഉണ്ട്. എനിക്ക് ഇക്കാര്യത്തിൽ വിട്ടുപോകുന്ന ചില കണ്ണികൾ ഉണ്ട്. ഉദാഹരണത്തിന് ലൈസോസോമൽ സ്റ്റോറേജ് ഡിസീസസ് എന്നു പറയുന്ന തരത്തിലുള്ള ചില ജനിറ്റിക്കലി ഇൻഹെറിറ്റഡ് ആയിട്ടുള്ള റെയർ ഡിസീസസുണ്ട്. അധികം ആളുകൾക്കൊന്നുമില്ല, ഒരു ലക്ഷത്തിൽ ഒരാൾക്ക് മാത്രമേ ഉണ്ടാകൂ. കേരളം മുഴുവൻ

എടുത്ത് നോക്കിയാൽ മുന്നൂറോ, നാനൂറോ ആളുകൾക്കേയുള്ളൂ. അവരുടെ ഒരു കൺവെൻഷൻ കഴിഞ്ഞ ദിവസം തിരുവനന്തപുരത്ത് ചേർന്നിരുന്നു. ഒരു കുടുംബത്തിലെ തന്നെ 2 കുട്ടികൾക്ക് ഇതുപോലുള്ള അസുഖമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൂടി ഇത് ശ്രദ്ധിക്കണം എന്ന ഒരു അപേക്ഷയുണ്ട്. ഒരു അസുഖം വന്നാൽ ലൈഫ്ലോങ്ങ് ട്രീറ്റ്മെന്റ് വേണം. മുപ്പതും, നാൽപ്പതും, അമ്പതും ലക്ഷം രൂപയാണ് ചെലവ് വരുന്നത്. ഇത് ആർക്കും താങ്ങാൻ കഴിയാത്ത ഒന്നാണ്. അത് സ്വാഭാവികമായി തന്നെ സർക്കാർ ഏറ്റെടുക്കുക എന്നതല്ലാതെ മറ്റു മാർഗ്ഗമില്ല. ഏതാണ്ട് 10 കോടിയോളം രൂപയാണ് കേരളം മുഴുവൻ ഇങ്ങനെയൊരു പദ്ധതി നടപ്പാക്കുകയാണെങ്കിൽ ചെലവ് വരുന്നത്. കർണ്ണാടക സർക്കാർ സമാനമായ ഒരു നിധി ഇക്കാര്യത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഞാൻ ബഹുമാന്യനായ ആരോഗ്യ വകുപ്പുമന്ത്രിക്ക് അതിനുവേണ്ടി ഒരു നിവേദനം നൽകിയിട്ടുണ്ട്. അത് ഒരു തീരുമാനമാക്കിയെടുത്ത് ഇത്തരത്തിലുള്ള റെയർ ഡിസീസസുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ച് അതിന്റെ ചികിത്സാ ചെലവ് സർക്കാർ ഏറ്റെടുക്കുന്നതിന് വേണ്ടി കർണ്ണാടകാ മോഡലിൽ ഒരു പ്രത്യേക നിധി രൂപീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> സർ, ഇതിന് മാത്രമായൊരു പ്രശ്നപരിഹാരം

സാദ്ധ്യമല്ല. ആർദ്രം മിഷന്റെ ഭാഗമായി ചികിത്സാ മേഖലയിലെ ഒരു പ്രശ്നം എന്ന രീതിയിൽ അതെടുത്തുകൊണ്ട് ഇന്റഗ്രേറ്റഡ് ആയി ആ പ്രശ്നം പരിഹരിക്കത്തക്ക രീതിയിലുള്ള നിലപാടുകൾ എടുക്കാം. അതോടൊപ്പം തന്നെ ഇത്തരത്തിലുള്ള പല അസുഖങ്ങളുമുണ്ട്. അങ്ങ് പറഞ്ഞതുപോലെ dyslexia എന്നൊരു അസുഖമുണ്ട്, ഓട്ടിസം ഇവയെല്ലാം ജനറ്റിക്കായി ഉണ്ടാകുന്ന പ്രശ്നങ്ങളാണ്. ഇപ്പോൾ തന്നെ ഹ്യൂമൻ ജീനോം പ്രോജക്ടിന്റെ ഭാഗമായി അലോപ്പതി മേഖലയിൽ അമേരിക്കയിൽ നടന്ന ഏറ്റവും വലിയ ഗവേഷണത്തിൽ ഇത്തരത്തിൽ ജനറ്റിക്കായി വരുന്ന, അങ്ങ് പറഞ്ഞ പോലുള്ള രോഗങ്ങൾക്ക് പല തരത്തിലുള്ള ജനറ്റിക്കായ പ്രതിരോധ പരിപാടികളുണ്ട് എന്നവരെ കണ്ടു കഴിഞ്ഞിട്ടുണ്ട്. തലമുറകളെ രക്ഷിക്കാൻ ഇവരുടെ ചികിത്സ ഏറ്റെടുത്തതു കൊണ്ടു മാത്രം കഴിയില്ല. ചികിത്സ ഏറ്റെടുത്താൽ കുടുംബത്തിന് ഒരു സാന്ത്വനം കൊടുക്കാൻ നമുക്ക് ഇപ്പോൾ കഴിയുന്നുണ്ട്. അതിനപ്പുറം ഇത്തരം രോഗങ്ങളുടെ ജനറ്റിക്ക് കോസ് എന്താണ് എന്ന് തിരിച്ചറിഞ്ഞ സ്ഥിതിക്ക് അത്തരത്തിലുള്ള ജനറ്റിക്ക് കോസ് ഇല്ലാതാക്കത്തക്ക രീതിയിലുള്ള ബോധവൽക്കരണ ഇടപെടൽ കൂടി ഇതിൽ നടത്തുമ്പോഴാണ് ഇതിനൊരു ശാശ്വത പരിഹാരം ആവുന്നത്. അത് തീർച്ചയായും ആലോചിക്കുന്നതായിരിക്കും.

കസ്തൂരി രംഗൻ റിപ്പോർട്ട്

*153. ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.പി.എ. സർക്കാരിന്റെ കാലഘട്ടത്തിൽ കസ്തൂരി രംഗൻ റിപ്പോർട്ടിനെ ആധാരമാക്കി കേരളത്തിലെ 123 വില്ലേജുകളെ പരിസ്ഥിതിലോല മേഖലയായി വിജ്ഞാപനം ചെയ്ത് മലയോരമേഖലയിലെ ജനങ്ങളെ ദുരിതത്തിലാക്കിയ നടപടി തിരുത്തിക്കാനായി ഈ സർക്കാർ നടത്തിയ ഇടപെടലുകൾ അറിയിക്കുമോ;

(ബി) ജനവാസ മേഖലകളെ ഒഴിവാക്കിക്കൊണ്ട് അന്തിമ വിജ്ഞാപനം ഇറക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം അവഗണിച്ചുകൊണ്ട് കേന്ദ്രസർക്കാർ കരട് വിജ്ഞാപനം വീണ്ടും പുറപ്പെടുവിച്ചതുമൂലം ജനങ്ങൾക്കുണ്ടായ ആശങ്ക കേന്ദ്രസർക്കാരിനെ ബോധ്യപ്പെടുത്താൻ നടപടിയെടുക്കുമോ;

(സി) ഇ.എസ്.എ. മേഖല വനഭൂമിയിൽ മാത്രം പരിമിതപ്പെടുത്തണമെന്ന സംസ്ഥാന സർക്കാർ നിലപാട് കേന്ദ്ര സർക്കാരിനെക്കൊണ്ട് അംഗീകരിപ്പിക്കാൻ ശ്രമം ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ,

(എ) കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പരിസ്ഥിതി ലോല പ്രദേശത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.

കേന്ദ്ര പരിസ്ഥിതി വകുപ്പ് സഹമന്ത്രി 23.06.2016-ൽ കേരളം സന്ദർശിച്ച അവസരത്തിൽ അദ്ദേഹത്തിന് സമർപ്പിച്ച മെമ്മോറാണ്ടത്തിലും ചർച്ചയിലും ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കിക്കൊണ്ട്, എത്രയും വേഗം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണെന്നും ആവശ്യപ്പെടുകയുണ്ടായി. കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരുന്ന വനേതര ഇ.എസ്.എ. മേഖലയായ 886.7 ച.കി.മീ. പ്രദേശം ആയതിൽ നിന്നും ഒഴിവാക്കി സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്തത്തിൽ സംരക്ഷിക്കാനുള്ള ശക്തമായ നടപടികൾ സംസ്ഥാന സർക്കാർ കൈക്കൊള്ളുന്നതാണെന്നും, ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പഞ്ചായത്തുതല ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് സമിതികളുടെയും അർത്ഥവത്തായ പങ്ക് ഉറപ്പാക്കാമെന്നും നിലവിലുള്ള സംസ്ഥാന നിയമങ്ങൾ നടപ്പാക്കാമെന്നും 23.02.2017-ലെ കത്തു പ്രകാരം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര പരിസ്ഥിതി വകുപ്പ് സഹമന്ത്രിയുടെ 17.03.2017-ലെ കത്ത്

പ്രകാരം കേരളത്തിലെ പരിസ്ഥിതി ലോല പ്രദേശങ്ങളുടെ വിജ്ഞാപനം സംബന്ധിച്ച് സംസ്ഥാന സർക്കാർ ചൂണ്ടിക്കാട്ടിയ വിഷയങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ സർക്കാരിന്റെ മുൻ നിലപാടിൽ ഉറച്ച് നിൽക്കാനും ബഹു. മുഖ്യമന്ത്രിയുടെ 23.2.2017-ലെ കത്തിൽ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ ഒരിക്കൽ കൂടി കൊണ്ടു വരുന്നതിനും ഈ കാര്യത്തിനായി ആവശ്യമായി വരുന്ന ഭൂപടങ്ങൾ (maps) തയ്യാറാക്കുന്നതിനായി Kerala State Remote Sensing and Environment Centre (KSREC)-നെ ചുമതലപ്പെടുത്താനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാർ 27.2.2017-ൽ പുറപ്പെടുവിച്ച പുതുക്കിയ വിജ്ഞാപനത്തിൽ 9107 ച.കി.മീ. വനപ്രദേശമായും 886.7 ച.കി.മീ. വനേതര പ്രദേശമായും കാണിച്ചിരുന്നതിൽ, ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പരിസ്ഥിതി ലോല പ്രദേശത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി Reserve Forest Protected Area, World Heritage site എന്നിവ ഉൾപ്പെടുന്ന 9107 ച.കി.മീ. വരുന്ന വനപ്രദേശത്തെ മാത്രം പരിസ്ഥിതി ലോല പ്രദേശമായി വിജ്ഞാപനത്തിൽ ഉൾപ്പെടുത്തുകയും വനേതര ഇ.എസ്.എ. മേഖലയായ 886.7 ച.കി.മീ. പ്രദേശം ആയതിൽനിന്നും ഒഴിവാക്കി സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്തത്തിൽ

ജനപങ്കാളിത്തത്തോടെ സംരക്ഷിക്കാനുള്ള കേന്ദ്ര സർക്കാർ അനുവാദം നേടിയെടുക്കുക എന്നതാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്.

ശ്രീ. ജോർജ് എം. തോമസ്: സർ, ഗവൺമെന്റ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി തീർച്ചയായും അഭിനന്ദനാർഹമാണ്. പക്ഷെ, കേന്ദ്ര ഗവൺമെന്റിലേയ്ക്ക് സംസ്ഥാന സർക്കാർ അയച്ചിട്ടുള്ള മെമ്മോറാണ്ടം സാധാരണ ജനങ്ങൾക്ക് മനസ്സിലായിട്ടില്ല. ഇൻഫ്ര പോലുള്ള ചില സംഘടനകൾ അത് സ്വാഗതം ചെയ്തു. എന്നാൽ വേറെ ചില സംഘടനകൾ ഗവൺമെന്റ് സ്റ്റാന്റ് മനസ്സിലാക്കാത്തതുകൊണ്ട് സമരരംഗത്തേയ്ക്ക് വരികയാണ്. അതുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് അയച്ചിട്ടുള്ള മെമ്മോറാണ്ടത്തിന്റെ പൂർണ്ണരൂപം പബ്ലിക് റിലേഷൻസ് വകുപ്പുവഴി പത്രത്തിലൂടെ ജനങ്ങളിലെത്തിക്കാൻ നടപടി സ്വീകരിക്കുമോ; ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ MoEF (Ministry of Environment and Forests)-ന്റെ വെബ്സൈറ്റിൽ കരടിന്റെ ആവർത്തന പ്രഖ്യാപനം ഹിന്ദി ഭാഷയിലാണ് പൂർണ്ണമായും പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഹിന്ദി ഭാഷയിലുള്ളത് മലയാള ഭാഷയിലാക്കി നമ്മുടെ ബയോഡൈവേഴ്സിറ്റി ബോർഡിന്റെ വെബ്സൈറ്റിൽ അതിന്റെ പൂർണ്ണരൂപം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ

വേണ്ടത്ര മനസ്സിലാക്കപ്പെട്ടിട്ടില്ലായെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ പരാമർശം കണക്കിലെടുത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അതോടൊപ്പം ഹിന്ദിയിലുള്ള കാര്യം മലയാളത്തിലേയ്ക്ക് ആക്കാനുള്ള നടപടികളും നമുക്ക് സ്വീകരിക്കാം.

ശ്രീ. ജോർജ് എം. തോമസ്: സർ, കസ്തൂരി-ഗാഡ്ഗിൽ റിപ്പോർട്ടുകൾക്കെതിരെ വളരെയധികം സമരങ്ങൾ നടന്ന ഒരു പ്രദേശങ്ങളാണ് തിരുവമ്പാടി, താമരശ്ശേരി, അടിവാരം തുടങ്ങിയവ. അവിടെ അന്ന് ജനങ്ങളെ ഈ സമരത്തിലേയ്ക്ക് തള്ളിവിട്ട മുൻ എം.എൽ.എ.-യും അന്നത്തെ കൊടുവള്ളി എം.എൽ.എ.-യുമൊന്നും ഇപ്പോൾ രംഗത്തില്ലെങ്കിലും അവരുടെ ആഹ്വാനപ്രകാരം സമരരംഗത്തേയ്ക്ക് വന്ന നിരവധി നിരപരാധികളുടെല്ലാം പേരിൽ 10-20 കേസുകളാണുള്ളത്. ഒരു മാസത്തിൽ 20 ദിവസത്തോളം കോഴിക്കോട്, താമരശ്ശേരി കോടതികളിൽ കേസിന് ഹാജരാകേണ്ട സ്ഥിതി ആ പാവപ്പെട്ടവർക്കുണ്ട്. അതിനുപുറമെ, ഏറ്റവും അവസാനമായി PDPP (The Prevention of Damage to Public Property Act, 1984) കൂടി ചാർത്തിക്കൊണ്ട് അടുത്ത ദിവസം വിചാരണ ആരംഭിക്കുന്ന കേസുകളുമുണ്ട്. പതിനാറോളം പ്രതികളാണ് ആ കേസിൽ ഉൾപ്പെട്ടിട്ടുള്ളത്. അവരോടെല്ലാം ഓരോ ലക്ഷം രൂപ കെട്ടിവച്ച് ജാമ്യമെടുക്കാനാണ് കോടതി പറയുന്നത്. ഒരു തരത്തിലും

ഒരു നയാപൈസയ്ക്കും നിർവ്വാഹമില്ലാത്ത പാവപ്പെട്ടയാളുകൾ, ഉടുതുണിക്ക് മറുതുണിയില്ലാത്ത വളരെ പാവപ്പെട്ടയാളുകളാണ് കേസിൽ പ്രതികളാക്കപ്പെട്ടിട്ടുള്ളത്. ഇത് പരിഗണിച്ചുകൊണ്ട് കസ്തൂരി-ഗാഡ്ഗിൽ റിപ്പോർട്ടുകളെ തുടർന്ന് സ്പൊണ്ടേനിയസായി വളർന്നുവന്ന സമരത്തിൽ പങ്കെടുത്ത എല്ലാവരുടെയും പേരിലുള്ള കേസുകൾ, 3-4 എണ്ണം പിൻവലിക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മതിച്ചിട്ടുണ്ട്. അവശേഷിക്കുന്ന കേസുകൾകൂടി പിൻവലിക്കാനുള്ള നടപടി സ്വീകരിക്കുമോയെന്നാണ് എന്റെ ചോദ്യം?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ജനകീയ പ്രക്ഷോഭങ്ങൾ പലതരത്തിൽ ഉയർന്നുവരുമെന്നുള്ളത് ശരിയാണ്. ആ പ്രക്ഷോഭങ്ങളുടെ മേൽ കേസും അതിന്റെ ഭാഗമായുള്ള ബുദ്ധിമുട്ടിക്കലുകളും അനാവശ്യമായി ഉണ്ടാകുന്നതിനോട് യോജിക്കുന്ന സർക്കാരല്ല ഇത്. എന്നാൽ പ്രക്ഷോഭത്തിന്റെ ഭാഗമായിട്ടായാലും ഇല്ലെങ്കിലും പൊതുവെ വസ്തുവകകൾ നശിപ്പിച്ച കേസുകളാകുമ്പോൾ അതിന് നിയമാനുസൃതം സ്വീകരിക്കേണ്ട നടപടികളുണ്ട്. ആ നടപടികളിൽ നിന്ന് സ്വാഭാവിമായും പിന്തിരിയുന്നതിന് വിഷമമുണ്ടാകും. മറ്റ് പിൻവലിക്കാവുന്ന കേസുകളൊക്കെ പിൻവലിക്കുന്നതിന് മറ്റ് തടസ്സവും ഉണ്ടാകുകയില്ല.

<u>ശ്രീ. രാജു എബ്രഹാം:</u> സർ, ജനവാസകേന്ദ്രങ്ങളെ പൂർണ്ണമായി ഒഴിവാക്കി

വനപ്രദേശങ്ങളിൽ മാത്രമായി ഇ.എസ്.എ. പരിമിതപ്പെടുത്തണമെന്ന് ക്യാബിനറ്റ് തീരുമാനമെടുത്ത് കേന്ദ്ര സർക്കാരിന് കത്ത് നൽകിയ സർക്കാരിനെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. നേരത്തെ നമ്മൾ കൊടുത്ത ഉമ്മൻ വി. ഉമ്മൻ കമ്മീഷൻ റിപ്പോർട്ട് നടക്കില്ലെന്ന് പറഞ്ഞ് അത് തള്ളിക്കളഞ്ഞ് കേന്ദ്ര പരിസ്ഥിതി സെക്രട്ടറി ശ്രീ. അശോക് ലാവാസ് സർക്കാരിന് കത്ത് നൽകിക്കഴിഞ്ഞു. ഇന്ന് കരട് വിജ്ഞാപനത്തിന്റെ 60 ദിവസത്തെ കാലാവധി അവസാനിക്കുകയാണ്. ഇത് സംബന്ധിച്ച കമന്റ് സംസ്ഥാനം കൊടുക്കണം. ഫെബ്രുവരി 23-ന് കൊടുത്ത കമന്റല്ല. കരട് വിജ്ഞാപനത്തെത്തുടർന്നുള്ള നിയമപരമായ കമന്റാണ് കൊടുക്കേണ്ടത്. ആ കമന്റ് കൊടുത്തിട്ടുണ്ടോ; കൊടുത്തിട്ടില്ലെങ്കിൽ ഇന്നുതന്നെ കരട് വിജ്ഞാപനത്തിന്റെ അഭിപ്രായം അറിയിക്കണം. അതിനുള്ള നടപടി സ്വീകരിക്കുമോയെന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, ഇതുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിക്കേണ്ട നടപടികളെല്ലാം സ്വീകരിച്ചിട്ടുണ്ട്. ഏതെങ്കിലും സ്വീകരിക്കാനുണ്ടെങ്കിൽ അതും സ്വീകരിക്കുന്നതാണ്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഇക്കാര്യത്തിൽ വ്യക്തമായൊരു നിലപാട് സ്വീകരിച്ചതിന് ആദ്യമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും മന്ത്രിമാരെയും

അഭിനന്ദിക്കുകയാണ്. ഗവൺമെന്റിന്റെ ഈ നിലപാട് നിലനിൽക്കുമ്പോൾതന്നെ ഇത്തരത്തിൽ ഗാഡ്ഗിൽ-കസ്തൂരിരംഗൻ ഉൾപ്പടെയുള്ള റിപ്പോർട്ടുകളുടെ പ്രിൻസിപ്പിൾ പോളിസി അതേപടി നടപ്പിലാക്കുന്ന തരത്തിൽ ഫോറസ്റ്റ് വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും ചില ഉദ്യോഗസ്ഥർ നടപ്പിലാക്കുന്ന പദ്ധതികളുണ്ട്. വന്യജീവികൾ സംരക്ഷിക്കപ്പെടണമെന്നുള്ളതിൽ തർക്കമില്ല. അതിനെ വേണ്ട രീതിയിൽ നോക്കണം. ഇത്തരത്തിൽ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. കൃഷി ഭൂമി ഇ.എസ്.എ.-ഇ.എഫ്.എൽ. ആയി ഡിക്ലയർ ചെയ്യുന്നുണ്ട്. ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടതിനുശേഷം ഇത്തരത്തിൽ ഇ.എസ്.എ. ഡിക്ലയർ ചെയ്യാനുള്ള നടപടി സ്വീകരിക്കുമോയെന്നുള്ളതാണ് എന്റെ ചോദ്യം.

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ഇതിൽ വനേതര-ഇ.എസ്.എ. മേഖലയായിട്ടുള്ള പ്രദേശങ്ങൾ പ്രത്യേകമായി സംരക്ഷിക്കുന്ന നിലയാണ് വേണ്ടതെന്ന് സർക്കാർ നിലപാടെടുത്തു കഴിഞ്ഞിട്ടുണ്ട്. അത് കൃഷിക്കാർക്കും ആ പ്രദേശത്ത് ജീവിക്കുന്ന ജനങ്ങൾക്കും അങ്ങേയറ്റം സൗകര്യമൊരുക്കുന്നതിനുവേണ്ടിയുള്ള നിലപാടാണ്. ആ നിലപാടിൽത്തന്നെയാണ് സർക്കാർ ഉറച്ചുനിൽക്കുന്നത്. അതിന് അംഗീകാരം കിട്ടുന്നതിനുവേണ്ടിയുള്ള ശ്രമമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. ഒ. ആർ. കേളു:</u> സർ, ഈ പദ്ധതി നടപ്പാക്കുമ്പോൾ വനത്തെ വനമായിത്തന്നെ നിലനിർത്തുമെന്നാണ് പറയുന്നത്. പക്ഷെ, കേരളത്തിലെ വനാന്തരങ്ങളിൽ ഒട്ടനവധി ആദിവാസികളും വനത്തോടുചേർന്നുള്ള ഒട്ടനവധി ആൾക്കാരും താമസിക്കുന്നുണ്ട്. അത്തരം ആൾക്കാർക്കുവേണ്ടിയാണ് കേന്ദ്ര ഗവൺമെന്റിന്റെ എഫ്.ആർ.സി. പോലുള്ള നിയമങ്ങൾ നിലവിൽവന്നിട്ടുള്ളത്. ഈ പദ്ധതി നടപ്പാക്കുമ്പോൾ എഫ്.ആർ.സി. നിയമം വയലേറ്റ് ചെയ്യപ്പെടുമോ അതോ അത് നിലനിർത്തുമോയെന്നുള്ളത് അറിയേണ്ടതുണ്ട്.

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര നിയമമാണ് പലപ്പോഴും വനത്തിന്റെ കാര്യത്തിൽ ബാധകമാകുന്നത്. എന്നാൽ ആദിവാസി ജനവിഭാഗങ്ങൾക്ക് ഏതെങ്കിലും തരത്തിൽ പ്രയാസം ഇതിലൂടെ ഉണ്ടാകുമെന്ന് ആശങ്കപ്പെടേണ്ടതായിട്ടില്ല. കാരണം, ആദിവാസി ജനവിഭാഗം വനത്തിൽത്തന്നെ താമസിക്കുന്നവരാണ്. അതിന്റെ ഭാഗമായാണ് വനാവകാശ നിയമംതന്നെ നേരത്തെ പാസ്സാക്കിയിട്ടുള്ളത്. അപ്പോൾ ആദിവാസി ജനവിഭാഗത്തിന് ഒരുതരത്തിലുമുള്ള പ്രയാസവും ഇല്ലാത്ത തരത്തിൽ നമുക്ക് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നതാണ്.

<u>ശ്രീ. പി. സി. ജോർജ്:</u> സർ, ഒരു ചെറിയ ചോദ്യമാണ്. കഴിഞ്ഞ

ഗവൺമെന്റിന്റെ കാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഈ സഭയിൽ സംസാരിച്ചപ്പോൾ 123 വില്ലേജുകളിൽ 4 വില്ലേജുകൾ ഒഴിവാക്കപ്പെട്ടിട്ടുണ്ട്, ഇനി 119 വില്ലേജുകളുമാണെന്ന് പറഞ്ഞതാണ്. പക്ഷെ, ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുമ്പോൾ 123 വില്ലേജെന്നാണ് പറയുന്നത്. ഇതിൽ ഏതാണ് ശരി; ഒഴിവാക്കപ്പെട്ട 4 വില്ലേജുകളും പൂഞ്ഞാർ നിയോജക മണ്ഡലത്തിലാണ്. അവിടെ വനവുമായി ഒരു ബന്ധവുമില്ല. അതിന്റെ അടിസ്ഥാനത്തിൽ ഉമ്മൻ വി. ഉമ്മൻ റിപ്പോർട്ടിലും അത് ഒഴിവാക്കപ്പെട്ടുവെന്ന് പ്രത്യേകം എഴുതിയതാണ്. കേന്ദ്ര ഗവൺമെന്റ് അത് അംഗീകരിച്ചുവെന്നാണ് ഞാൻ മനസ്സിലാക്കുന്നതും മുൻ മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞതും. അങ്ങ് ഇത് പരിശോധിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ഈ പറഞ്ഞതിൽ ഒരു ഭാഗം ശരിയാണ്. ഇവിടെ നേരത്തെ 123 വില്ലേജുകളിൽ കോട്ടയം ജില്ലയിലെ പൂഞ്ഞാർ, കൂട്ടിക്കൽ, തീക്കോയി, മേലുകാവ് എന്നീ 4 വില്ലേജുകളെ വനപ്രദേശമില്ലാത്തതിനാൽ പരിസ്ഥിതിലോല പ്രദേശങ്ങളുടെ പട്ടികയിൽനിന്നും വനം വകുപ്പ് ഒഴിവാക്കി. 154.35 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ഈ 4 വില്ലേജുകളും ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രിയുടെ 27.07.2015-ലെ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ കിഴക്കാഞ്ചേരി വില്ലേജിലെ റീസർവ്വെ നമ്പർ 621 പാർട്ടിൽ ഉൾപ്പെട്ട 9 ഏക്കർ

സ്ഥലവും ഇ.എസ്.എ.-യുടെ പരിധിയിൽനിന്നും ഒഴിവാക്കണമെന്ന് 28.07.2015-ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ആ ഭാഗം ശരിയാണ്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, കസ്തൂരിരംഗൻ റിപ്പോർട്ടിൽ തൃശ്ശൂർ ജില്ലയിലെ പരിയാരം ഗ്രൂപ്പ് വില്ലേജിനെ ഉൾപ്പെടുത്തിയിരുന്നു. പരിയാരം പഞ്ചായത്തും അതിരപ്പിള്ളി പഞ്ചായത്തും ഉൾപ്പെട്ടതായിരുന്നു പരിയാരം ഗ്രൂപ്പ് വില്ലേജ്. പിന്നീട് ആ വില്ലേജ് വിഭജിച്ച് അതിരപ്പിള്ളിക്ക് പ്രത്യേക വില്ലേജായി. പരിയാരം വില്ലേജ്/ പരിയാരം പഞ്ചായത്ത് ചാലക്കുടി പട്ടണത്തോട് ചേർന്നുകിടക്കുന്ന പട്ടണ സമാനമായ വനവുമായി ബന്ധമില്ലാത്ത പഞ്ചായത്താണ്. അതുകൊണ്ട് പരിയാരം വില്ലേജിനെ പൂർണ്ണമായും കസ്തൂരിരംഗൻ റിപ്പോർട്ടിൽനിന്ന് ഒഴിവാക്കുന്നതിനും അതിരപ്പിള്ളി വില്ലേജിലെ ജനവാസകേന്ദ്രങ്ങളും കൃഷിയിടങ്ങളും ഒഴിവാക്കുന്നതിനും ആവശ്യമായ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതുമായി ബന്ധപ്പെട്ട് ഇത്തരം പ്രദേശങ്ങളിൽ സ്വാഭാവിമായും പ്രശ്നങ്ങൾ ഉയർന്നുവരുന്ന പ്രദേശങ്ങളാണ്. അത് എന്താണെന്ന് പരിശോധിച്ച് ആവശ്യമായ നടപടിയെടുക്കാവുന്നതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, ജനവാസകേന്ദ്രങ്ങളെയും കൃഷിസ്ഥലങ്ങളെയും ഒഴിവാക്കണമെന്നാണ് കേന്ദ്ര സർക്കാരിനോട് മെയിനായി ആവശ്യപ്പെട്ടത്. ആ

ആവശ്യം അംഗീകരിച്ചുകൊണ്ട് 2014-ലെയും 2015-ലെയും 2017-ലെയും വിജ്ഞാപനങ്ങളിൽ ജനവാസകേന്ദ്രങ്ങളെയും കൃഷിസ്ഥലങ്ങളെയും ഒഴിവാക്കി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുണ്ട്. പക്ഷെ, ഇതുസംബന്ധിച്ച് കേരള പരിസ്ഥിതി വകുപ്പ് ഹൈക്കോടതിയിൽ ഫയൽ ചെയ്ത സത്യവാങ്മൂലങ്ങളിലും സ്റ്റേറ്റുമെന്റുകളിലും ഈ 123 വില്ലേജുകളും ഇപ്പോഴും പൂർണ്ണമായും ഇ.എസ്.എ.-യിലാണെന്ന് ആവർത്തിച്ച് സ്റ്റേറ്റുമെന്റ് കൊടുക്കുകയും നിലപാട് സ്വീകരിക്കുകയും ചെയ്യുന്നതിലൂടെ കേന്ദ്ര നോട്ടിഫിക്കേഷൻ വഴി നമുക്ക് ലഭിച്ച ഈ ആനുകൂല്യ അവസ്ഥപോലും ഇല്ലാതാക്കുന്ന നടപടി ഈ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയെങ്കിൽ അത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, സംസ്ഥാന സർക്കാരിന് ജനവാസകേന്ദ്രങ്ങളെ ഏതെങ്കിലും തരത്തിൽ ബുദ്ധിമുട്ടിക്കുകയെന്ന നയമില്ല. ആ നയം മാത്രമേ എവിടെയും സംസ്ഥാന സർക്കാരിനുവേണ്ടി സ്വീകരിക്കാൻ പറ്റൂ. അതിൽ സംസ്ഥാന സർക്കാർ ഉറച്ചുനിൽക്കും.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഒരിക്കൽ ഇ.എഫ്.എൽ. ആയി നോട്ടിഫിക്കേഷനിൽ ഉൾപ്പെട്ടുപോയ ആളുകളെ ജില്ലാതലത്തിൽ എം.എൽ.എ.-

മാർ ഉൾപ്പടെയുള്ളവരുള്ള കമ്മിറ്റി പരിശോധിച്ച് ഒഴിവാക്കേണ്ട ആളുകളുടെ ലിസ്റ്റ് സംസ്ഥാന ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ അപ്പീൽ കൊടുക്കുന്നതിനുമുള്ള അവസരമുണ്ടായിരുന്നു. അപ്പീലും കൊടുത്തിട്ടുണ്ട്. പക്ഷെ അവരെ ഒഴിവാക്കിക്കൊണ്ടുള്ള നോട്ടിഫിക്കേഷനില്ല. ഫലത്തിൽ ഒരേക്കറും രണ്ടേക്കറുമൊക്കെയുള്ള ആളുകൾ ഇ.എഫ്.എൽ. ആണെന്ന് പറഞ്ഞ് അവരുടെ പ്രോപ്പർട്ടിയിൽ കയറാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. ആ വിഷയത്തിൽ ഗവൺമെന്റ് ഇടപെടുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇ.എഫ്.എൽ. വലിയ തോതിൽ ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു നടപടിയായി പൊതുവെ ആക്ഷേപമുയർന്ന ഒരു കാര്യമാണ്. അക്കാര്യത്തിലൊക്കെ ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാകാൻ പാടില്ലായെന്നതുതന്നെയാണ് സർക്കാരിന്റെ നിലപാട്. പക്ഷെ, പരിശോധിക്കേണ്ട കാര്യങ്ങൾ പരിശോധിച്ചുമാത്രമേ തീരുമാനത്തിലേയ്ക്ക് എത്താൻ കഴിയൂ. ആവശ്യമായ നടപടി ബഹുമാന്യയായ അംഗം ചൂണ്ടിക്കാണിച്ച രീതിയിൽ സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)